൧൯൦൭-൦൮, ൧൦൮൩

പുസ്തകം ൧൬] ധനു [ലക്കം ൧൨

മലങ്കര

ഇടവകപത്രിക

മാസംതോറും പ്രസിദ്ധപ്പെടുത്തുന്നതു.



"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിങ്കലല്ലാതെ പുകഴ്ച ചെയ്വാൻ സംഗതി വരരുതു".

(മാർ പൌലൂസ).

സംഗതിവിവരങ്ങൾ.

Mar Thomas Press, Cottayam.

പഞ്ചാംഗം

൧൯൦൯, കോനൂൻഹ്റോയി (മകരം)

സുറിയാനി	ഇംഗ്ലീഷ്	മലയാളം	ആഴ്ച
൧	൧൪ (ജനുവരി)	൧ (മകരം)	വ്യാ
൨	൧൫	൨	വെ
൩	൧൬	൩	ശ
൪	൧൭	൪	ഞാ
൫	൧൮	൫	തി
൬	൧൯	൬	ചൊ
൭	൨൦	൭	ബു
൮	൨൧	൮	വ്യാ
൯	൨൨	൯	വെ
൧൦	൨൩	൧൦	ശ
൧൧	൨൪	൧൧	ഞാ
൧൨	൨൫	൧൨	തി
൧൩	൨൬	൧൩	ചൊ
൧൪	൨൭	൧൪	ബു
൧൫	൨൮	൧൫	വ്യാ
൧൬	൨൯	൧൬	വെ
൧൭	൩൦	൧൭	ശ
൧൮	൩൧	൧൮	ഞാ
൧൯	൧ (ഫെബ്രുവരി)	൧൯	തി
൨൦	൨	൨൦	ചൊ
൨൧	൩	൨൧	ബു
൨൨	൪	൨൨	വ്യാ
൨൩	൫	൨൩	വെ
൨൪	൬	൨൪	ശ
൨൫	൭	൨൫	ഞാ
൨൬	൮	൨൬	തി
൨൭	൯	൨൭	ചൊ
൨൮	൧൦	൨൮	ബു
൨൯	൧൧	൨൯	വ്യാ
൩൦	൧൨	൩൦	വെ
൩൧	൧൩	൧	ശ

വിശേഷ ദിവസങ്ങൾ.

൧-ാം നു- വർഷാരംഭം. കർത്താവിന്റെ ചേലാകർമ്മം. മാർ ബസേലിയോസ്, മാർ ഗ്രീഗോറിയോസ് ഇവരുടെ ഓർമ്മ.

൪. നു- യൽദായിക്കു പിമ്പു ൧-ാം ഞാ.

൬ നു- ദനഹാ (മാറാനായ)

൭. നു- മാർ യോഹന്നാൻ മാംദാനായുടെ ശിരച്ഛേദനം.

൮. നു- മാർ സ്തെപ്പാനോസിന്റെ ഓർമ്മ

൧൧. നു- ദനഹായിക്കു പിമ്പു ൧-ാം ഞാ.

൧൫. നു- വിത്തുകളെക്കുറിച്ച് കന്യമറിയം അമ്മയുടെ ഓർമ്മ. (മാറാനായ പെരുന്നാൾ)

൧൮. നു- ദനഹായിക്കു പിമ്പു ൨-ാം ഞാ.

൧൯. നു- മൂന്നുനോമ്പാരംഭം.

മലങ്കര ഇടവക പത്രിക

പുസ്തകം ൧൨ | ൧൰൦൨. കോന്തൻ ക്ലീം | ലക്കം ൧൨

വേദപുസ്തകവും സയൻസും

(തുടർച്ച)

ഇനിയും വിശുദ്ധ പിതാവായ മാർ അപ്രേമിന്റെ അഭിപ്രായ
ത്തെ കേൾപ്പിൻ. അദ്ദേഹത്തിന്റെ അഭിപ്രായം വേദപുസ്തകത്തി
ന്റെ അധികഭാഗവും നാം അക്ഷരപ്രകാരം വ്യാഖ്യാനിക്കണമെന്ന [illegible]
വേദപുസ്തകം എഴുതിയവരൊക്കെയും അതാതു കാലത്തെ മനു [illegible]
ടെ അറിവിനും ഭാഷയ്ക്കും അനുസരണമായ വിധത്തിൽ എഴു [illegible]
രിക്കുന്നതുകൊണ്ടു പിന്നീടു ഒരു കാലത്തു അതിനെ വ്യാഖ്യാനി [illegible]
വൻ ഭാഷയുടെ എഴുതിയ കാലത്തുള്ള അർത്ഥം എന്തായിരുന്ന [illegible]
ധാനമായി ആലോചിക്കേണ്ടതാകുന്നു. ശാസ്ത്രസംബന്ധമായ [illegible]
ങ്ങളെപ്പറ്റി വേദത്തിൽ വിസ്തരിച്ചിട്ടു ആവശ്യമില്ലെന്നും [illegible]
ക്കുള്ള മാർഗ്ഗത്തെ ശാസ്ത്രം അശേഷം തടുക്കയില്ലെന്നും മറ്റുമാ [illegible]
പ്രിയ വായനക്കാരെ! ഈ അഭിപ്രായങ്ങൾ ഏറ്റവും സാര [illegible]
യ അഭിപ്രായങ്ങളാകുന്നു നമുക്കു സാധാരണ ബുദ്ധികൊണ്ടു ആ [illegible] എ
ചിച്ചു നോക്കിയാൽ തന്നെയും അറിയാവുന്നതാണു. ശാസ്ത്രപ്ര [illegible] ല്ലോ.
ം അന്നു ദൈവാത്മാവു എഴുതിക്കയോ പറയിക്കയോ ചെ [illegible] ന്നിക്കു
ൽ എഴുത്തുകാരനെയും പറയുന്നവനെയും എല്ലാവരും ഭ്രാന്ത [illegible]
വിചാരിച്ചേനെ എന്നുള്ളതിനു തർക്കമില്ല. ഉദാഹരണമായി [illegible]
വാ "സൂര്യാ! നീ അയ്യാലെയോന്റെ താഴ്‌വരയിൽ നിൽക്ക" എ [illegible]
പറഞ്ഞിരുന്നുപകരം "ഭൂമി! നീ അയ്യാലെയോന്റെ താഴ്‌വരയി [illegible] ലും
നിൽക്ക എന്നോ മറ്റോ പറഞ്ഞിരുന്നെങ്കിൽ യോശുവായെ അന്നുള്ള [illegible]
മനുഷ്യരെല്ലാവരും ഏതുവിധത്തിൽ വിചാരിക്കുമായിരുന്നു എന്നു
ആലോചിച്ചു നോക്കുവിൻ. തീർച്ചയായിട്ടും, യോശുവാ ഭ്രാന്തനാണെ
ന്നു എല്ലാവരും പറകയും അവനെ ആരും വിശ്വസിക്കാതിരിക്കയും
ചെയ്യേനെ.

ഇതുപോലെതന്നെ ആദ്യപുസ്തകത്തിലെ ഒരു വാക്യം എടുത്തു
ദൈവം ത്രിയേകദൈവമല്ലെന്നു മഹമ്മദീയർ വ്യാഖ്യാനിക്കുന്നുണ്ടു.
"നാം നമ്മുടെ സാദൃശ്യത്തിൽ നമ്മുടെ സ്വരൂപത്തിൻ പ്രകാരം മ
നുഷ്യനെ ഉണ്ടാക്കുക" എന്നു ആദ്യപുസ്തകം ൧ അ. ൨൬-വാക്യത്തി
ൽ പറയുന്നു. ഇതിൽ മനുഷ്യനായ ആദാമിനെ അവർ ഏകമനു

വായി കാണുന്നതിനാൽ "നാം" എന്ന പദത്തിന്റെ അൎത്ഥം "ഞാ
ൻ" എന്നുമാത്രമെ വരുകയുള്ളൂ എന്നാണ് അവർ പറയുന്നതു. എന്നാ
ൽ പ്രിയ വായനക്കാരെ! ആദാമിനെ നാം ഏകമനുഷ്യനായിട്ടല്ല ഏക
ത്രിയേകമനുഷ്യനായിട്ടത്രെ നാം കാണേണ്ടതു. എങ്ങിനെയെന്നാൽ ആ
ദാമെന്നവൻ ഒരുത്തൻ അവന്റെ ഉള്ളിലുള്ള ഹവ്വാ എന്നവൾ ഒ
രുത്തി. ഇവർ ഇരുവരുടെയും ഉള്ളിലുള്ള സന്തതി വേറൊന്നു. ഇ
വർ മൂന്നുപേരും ആദാമത്രെ. അവർ സൃഷ്ടിക്കപ്പെട്ട നാളിൽ അ
വൎക്കു ആദാം എന്നു പേരിട്ടു എന്നു ഉല്പ. ൫-൨-ൽ കാണുന്നു. ഇ
ങ്ങിനെ ആദാമെന്നിയും മൂന്നായും മൂന്നുമൊന്നായും ഇരുന്നു എന്നു
ള്ളതു സ്പഷ്ടം. ആദ്യമനുഷ്യൻ, ഹവ്വായും, ഇവരുടെ സന്താനവും
ആദാമാകുന്നു. മൂന്നും മൂന്നായിരിക്കുന്നു എങ്കിലൊ ഒരാദാമെ ഉള്ളു
ആദാമും ആദാംതന്നെ ഹവ്വായും ആദാംതന്നെ സന്താനവും ആദാ
മെന്നു, ആദാം ഹവ്വായാകുന്നില്ല, ഹവ്വാ ആദാമാകുന്നില്ല, ഇവർ
[illegible]രുമാകുന്നില്ല സന്തതി. എന്തെന്നാൽ പുരുഷന്റെ ലക്ഷണം
[illegible] സ്ത്രീയുടെ ലക്ഷണം വേറെ സന്തതിയുടെ ലക്ഷണം വേറെ.
[illegible]ും മൂന്നും ആദമത്രെ എന്നുള്ളതു എത്രയൊ നിശ്ചയം. ഇങ്ങ
[illegible] ആദാം ത്രിയേകമനുഷ്യനായിട്ടിരിക്കുന്നതുപോലെ, ദൈവവും
[illegible]യേക ദൈവമായിട്ടിരിക്കുന്നു. ഇങ്ങനെ തെളിവായി കിടക്കുന്ന
[illegible]ത്തെ മഹമ്മദീയർ മുതലായവർ തോന്ന്യാസമായി വ്യാഖ്യാ
[illegible] മഹാ തെറ്റിലേക്കു ചെന്നു ചാടുന്നു. ഇതുപോലെതന്നെ നാ
[illegible]കന്മാർ മുതലായ പല കൂട്ടരും സൃഷ്ടാവിനെയും സൃഷ്ടികളെയും
[illegible]റിപല വിധത്തിലും വേദത്തിനു വിപരീതമായി വ്യാഖ്യാനി
[illegible]ണ്ടു. എന്നാൽ ഈ വിദ്വാന്മാൎക്കു ഒരു വിശേഷം ഉണ്ടെന്നുണ്ടു
[illegible]ായ്യു. സന്മാൎഗ്ഗം എല്ലാവൎക്കും അത്യാവശ്യമായിട്ടുള്ളതാകുന്നു എ
[illegible]സമ്മതിക്കുന്നുണ്ടു. അവരുടെ മനോസാക്ഷിപ്രകാരം ദൈവം
[illegible]ന്നൊരാൾ ഉണ്ടെന്നുള്ളതിലേക്കു അവരെങ്കിലും കൊടുക്കുന്ന തെളി
[illegible]തിയാകാതിരിക്കുന്നു എന്നു മാത്രമെ ഉള്ളൂ. എന്നാൽ പ്രിയവാ
യനക്കാരെ! നമ്മുടെ ഇടയിലും ചിലർ തങ്ങളെ സൃഷ്ടിച്ച സൃഷ്ടാവി
നില്ലെന്നും പറഞ്ഞുനടക്കുന്നുണ്ടു. സയൻസിന്റെ ഒരു കോണൊ തത്വ
ശാസ്ത്രത്തിന്റെ ഒരു മൂലയൊ പഠിച്ചു വച്ചതങ്ങൾക്കു തോന്ന്യാ
സമായി നടക്കുന്നതിനുവേണ്ടി ദൈവത്തിനെതിരായും പറഞ്ഞു നടക്കും.
ദൈവം ഇല്ലെന്നു പറയുന്ന നാസ്തികന്മാർ മുതലായവരൊക്കെയും
മഹാ വലിയ വിദ്വാന്മാരും വലിയ വലിയ ജ്ഞാനികളും ആകുന്നു.
പക്ഷെ അവരുടെ ജ്ഞാനം ലോകജ്ഞാനമാകുന്നു ദൈവത്തിന്റെ
രഹസ്യം ഇഹലോകജ്ഞാനികളിൽ നിന്നും മറെച്ചുവെക്കപ്പെട്ടിരിക്കു
ന്നു. ശലോമോൻ, പൌലൂസ, മുതലായവരുടെ ജ്ഞാനം ദൈവി
ജ്ഞാനമാകുന്നു. ഈ ജ്ഞാനം രണ്ടും തമ്മിൽ രാവും പകലും പോലു
ള്ള വ്യത്യാസമുണ്ടു. ശു. പൌലൊസ ൧. കോറ ൨-ൽ പ്രഹരിച്ചോ

കത്തിന്റെ ദൈവം വിശ്വസിക്കാത്തവരുടെ ബുദ്ധികളെ കുരുടാക്കി
കളഞ്ഞു" എന്നു പറയുന്നതുപോലെ ഇവരുടെ ബുദ്ധികളും കുരുടാ
യിപ്പോയി. പ്രിയമുള്ളവരെ വിശ്വാസം വിശ്വാസം എന്നുള്ള ഒരു
വലിയ പാറയിന്മേലാണ ക്രിസ്തീയമതം പണിചെയ്യപ്പെട്ടിട്ടുള്ളതു
ആ ഏക സംഗതിയിൽ വച്ചാണ ലോകജ്ഞാനവും ദൈവജ്ഞാ
നവും തമ്മിൽ അകന്നുപോകുന്നതു. ഏതു സംഗതിയും നാം വിശ്വ
സിച്ചും വച്ചു അതിനെ പരിശോധിക്കണമെന്നാണ ദൈവജ്ഞാന
ത്തിന്റെ ഉപദേശം. പരിശോധിച്ചും വച്ചു വിശ്വസിക്കണമെന്നാ
ണ ലോകജ്ഞാനത്തിന്റെ ഉപദേശം. ഇവിടെ വച്ചാണ രണ്ടുകൂ
ട്ടരും തമ്മിൽ ഭിന്നിച്ചുപോകുന്നതു സയൻസുകാർ ഇഹലോകജ്ഞാ
നികളാകുന്നു. ദൈവത്തിന്റെ രഹസ്യം ഇഹലോകജ്ഞാനികളി
ൽനിന്നും മറച്ചുവയ്ക്കപ്പെട്ടിരിക്കുന്നു എന്നുള്ള വചനം വളരെ സാ
രമായിട്ടുള്ളതാകുന്നു. ഭൌതികതത്വജ്ഞാനത്തിന്റെ ഒരു ശരിയായ പ[illegible]
അളവിൽ എത്തിയവർക്കുമാത്രമെ ഈ വചനത്തിന്റെ സത്യാവ[illegible]
യെപ്പറ്റി അറിഞ്ഞുകൂടു.

ഇപ്രകാരം വേദത്തിലെ ഓരോ വാക്യങ്ങളെ എടുത്തു[illegible]
ജ്ഞാനികൾ അങ്ങോട്ടും ഇങ്ങോട്ടും തിരിച്ചും മറിച്ചും വ്യാഖ്യാ[illegible]
ക്രിസ്ത്യാനിമതത്തെ നാനാവിധത്തിൽ കഴച്ചുകളയുന്നു. പ്രിയ[illegible]
നക്കാരെ! നാം കൂട്ടർ ഇപ്രകാരം പലവിധത്തിൽ വേദത്തെ [illegible]
ഖ്യാനിക്കുന്നതുകൊണ്ടു എന്തെല്ലാം ദോഷങ്ങൾ പൊതുവെ ക്രിസ്തു
മതത്തിനു നേരിടുന്നു എന്നു നമുക്കു ആലോചിക്കാം. ദോഷങ്ങൾ പ
ലതരത്തിലുണ്ടു എങ്കിലും പ്രധാനമായവയെ ചൂണ്ടിക്കാണിക്കാ[illegible]
ഒന്നാമത്തെ ദോഷം ക്രിസ്ത്യാനിമതത്തിൽ നിൽക്കുന്ന ഒരുവനു ഒരു [illegible]
ശ്വാസവും ഇല്ലാതായി നിരീശ്വരക്കടലിൽ ചെന്നു ചാടുന്നതി[illegible]
യാകുന്നു. ഇതു എങ്ങിനെയെന്നു ഞാൻ ചുരുക്കമായി പറയാം[illegible]
നുഷ്യൻ സ്വാഭാവികമായി തിന്മ ചെയ്വാൻ ഇച്ഛയുള്ള ഒരു [illegible]
സ്സോടുകൂടിയാണ ഇരിക്കുന്നതെന്നു നമുക്കു അനേക[illegible]കൊണ്ടു [illegible]
യാമല്ലൊ. എന്നാൽ ഇപ്രകാരമുള്ള ഒരു മനസ്സ് അവനുണ്ടെ[illegible]
ലും മിക്ക തിന്മകളിൽനിന്നും അവൻ ഒഴിയുവാൻ ശ്രമിക്കുന്നതു [illegible]
ത്യേകം രണ്ടുകൂട്ടം സംഗതികൾ അവനെ തടുക്കുന്നതിനാലാണ. അ
തായതു മാൎഗ്ഗവും മാനവും തന്നെ. ഇവ രണ്ടും എപ്പോഴും അവനെ
തടുത്തുനിൽക്കുന്നു. ഈ സ്ഥിതിയിൽ നിൽക്കുന്ന ഒരുവനു, മാൎഗ്ഗത്തിനു
എന്തെങ്കിലും അററകുററം ഉണ്ടൊ എന്നു കണ്ടുപിടിപ്പാനായി സാ
ത്താൻ എപ്പോഴും അവനെ ഉത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു ഇങ്ങ
നെ ഇരിക്കുന്ന ഒരു ക്രിസ്ത്യാനി മുൻപറഞ്ഞ വ്യാഖ്യാനികളുടെ ഭി
ന്നാഭിപ്രായങ്ങൾ കേൾക്കുമ്പോൾ അവന്റെ മനസ്സിൽ ഇളക്കം ത
ട്ടുകയും അവന്റെ മനസ്സു, സ്വാഭാവികമായി തിന്മ ചെയ്വാൻ ഇച്ഛി
ച്ചിട്ടിരിക്കുന്നതുകൊണ്ടു ആ ഇച്ഛയെ സാധിപ്പിക്കാതെ തടുത്തുനി

ക്കുന്ന ആ മാൎഗ്ഗം എന്ന പടവാതലിനെ ചവിട്ടിപ്പൊട്ടിക്കയും അ
നന്തരം ഇതാ നിരീശ്വരക്കടലിലേക്കു ചെന്നു ചാടി കുടിച്ചു ചാകുക
യും ചെയ്യുന്നു. പ്രിയമുള്ളവരെ! വേദം പലപ്രകാരത്തിൽ വ്യാഖ്യാ
നിക്കുന്നതുകൊണ്ടു അല്ല അറിവുകാരായ അധികം ആളുകൾക്കും
ഇപ്രകാരമുള്ള മഹാ ദോഷങ്ങൾ വന്നുപിടിപെടുന്നുണ്ടു. ഇനിയും
ഇതുനിമിത്തം വേറൊരു ദോഷമുള്ളതു എന്തെന്നു വച്ചാൽ, പുറജാ
തികൾക്കു ക്രിസ്ത്യാനിമതത്തെ ഹാസ്യപ്പെടുത്തുവാൻ ഒരു വഴി ഉണ്ടാ
ക്കികൊടുക്കുന്നു എന്നുള്ളതത്രെ. ക്രിസ്ത്യാനിമതത്തിൽ ചേരുവാനാ
യി ഒരു പുറജാതി വന്നാൽ അവൻ ൧൦൦ ക്രിസ്ത്യാനിമാൎഗ്ഗത്തെ ജ
നങ്ങളുടെ ഭിന്നാഭിപ്രായങ്ങളും ഐകമത്യമില്ലായ്മയും സ്നേഹമി
ല്ലായ്മയും മററും കാണുമ്പോൾ ഇതു സത്യമുള്ള മതമാണൊ എന്നു
അവനു സംശയം തോന്നുവാൻ ഇടയായിത്തീരുകയും അതുനിമിത്തം
തിനെ അവൻ ഹാസ്യമായി വിചാരിച്ചു പിന്തിരിഞ്ഞുപോകുവാ
ടയായിത്തീരുകയും ചെയ്യുന്നു. ഇപ്രകാരം അനേകം ദോഷ
നമ്മുടെ ക്രിസ്ത്യാനിമതത്തിനു ഓരോരൊ ദുൎവ്യാഖ്യാനങ്ങൾ
ണം നേരിടുന്നുണ്ടു. എന്തെല്ലാം അപകടങ്ങൾ അതിനെ നേരി
അതു പ്രകാശിച്ചു പ്രകാശിച്ചു വരികയല്ലാതെ, മങ്ങിമങ്ങി
കയില്ലെന്നുള്ളതു നിശ്ചയമാണ. വാസ്തവത്തിൽ നോക്കിയാ
വേദപുസ്തകവും സയൻസുമായി യാതൊരു ഭിന്നതയുമില്ല. അ
ൽ വല്ല ഭിന്നതയും ഉണ്ടെന്നു നമുക്കു തോന്നുന്ന പക്ഷവും അതു ന
ടെ അറിവിന്റെ കുറവുകൊണ്ടു തോന്നുന്നതാണ. നമ്മെക്കാൾ
വുള്ളവർ നോക്കുമ്പോൾ അതിൽ യാതൊരു ഭിന്നതയും കാ
യില്ല. ഇതുവരെ ലോകത്തിൽ കണ്ടുപിടിച്ചിട്ടുള്ള അറിവുക
ക്കാൾ എത്രയൊ മടങ്ങു അധികമായി ഇനിയും കണ്ടുപിടിപ്പാനുണ്ടു.
അററംവരെ കണ്ടുപിടിപ്പാൻ ശ്രമിക്കുന്നവൻ ഒടുവിൽ നി
ക്കുഴിയിൽ ചെന്നു ചാടുകയല്ലാതെ ഒരിക്കലും അററത്തു ചെന്നെ
കയില്ല. അററത്തു ചെന്നെത്തണമെങ്കിൽ സൃഷ്ടികൾ സൃഷ്ടാവാ
യ തീരണം. അതു അസാദ്ധ്യവുമാണ. പ്രിയ വായനക്കാരെ അതു
കൊണ്ടു ആരെങ്കിലും വേദപുസ്തകം വായിക്കുമ്പോൾ വല്ല സംശയ
മൊ തക്കമൊ കണ്ടാൽ ആ സംശയനിവൃത്തി ഒരിക്കലും വരുത്തിക്കൂ
ടാ എന്നും അതിനാൽ വേദം വിശ്വാസയോഗ്യമല്ലെന്നും വിചാരി
ച്ചുപോകരുതു. സംശയഭാഗം കണ്ടാൽ അതിനു എന്തെങ്കിലും ഒരു സ
മാധാനം കാണുമെന്നും അതു തനിക്കറിവാൻ പാടില്ലെങ്കിൽ തന്നെ
ക്കാൾ അറിവുള്ളവൎക്കറിയാമെന്നും ഉടനെ വിശ്വസിക്കണം. സയൻ
സു മുതലായവ ഒക്കെയും നാൾക്കുനാൾ പുതുതായി പുതുതായി വരി
കയും പഴെ കാലത്തു പ്ലേറേറാ മുതലായ, മഹാ വിദ്വാന്മാരൊക്കെ
യും കണ്ടുപിടിച്ചിരുന്നതൊക്കെയും ഇപ്പോഴത്തെ ശാസ്ത്രപണ്ഡിത
ന്മാരുടെ അഭിപ്രായപ്രകാരം തീരെ തെററായിട്ടുള്ളതാണെന്നും ക

ണ്ടുപിടിച്ചിരിക്കുന്നു. എന്നുതന്നെയുമല്ല നാം പാപം ചെയ്യാതിരി
ക്കണം എന്നുള്ള നമ്മുടെ പ്രധാന ദൈവകല്പനയിൽ സയൻസുകാ
ർക്കെന്നല്ല മററാർക്കും തന്നെ യാതൊരു യോജിപ്പുകേടും ഇല്ല. ആയ്തു
കൊണ്ടു നാൾക്കുനാൾ പുതുതായി പുതുതായി വരുന്ന ശാസ്ത്രങ്ങ
ളെ ഒക്കെയും വിശ്വസിച്ചു എന്നും എന്നേക്കും ഒരേ സ്ഥിതിയിൽ ഇ
രിക്കുന്ന വേദത്തെ ത്യജിച്ചുകളയരുതു.

എന്നാൽ പ്രിയ വായനക്കാരെ! ഇവരെല്ലാം വിധിയുടെ ദി
വസത്തിൽ ആ സർവ്വശക്തനെൻറ മുമ്പാകെ ഹാജർ, കൊടുക്കേണ്ടിവ
രും. അയ്യയ്യൊ അന്നത്തെ ഇവരുടെ സ്ഥിതി എന്തായിരിക്കുമെന്നു
വിചാരിച്ചുനോക്കുവീൻ. ദൈവം ഇല്ല എന്നു പറയുന്ന മൂഢനും
ദൈവവചനങ്ങളെ തെററായി വ്യാഖ്യാനിച്ചു അനേകം ആത്മാക്ക
ളെ നാശപാതയിലേക്കു കയററിവിട്ട ആ കള്ളവ്യാഖ്യാനിയും തൻെറ
സത്യസഭയാകുന്ന പരിശുദ്ധ മണവാട്ടിയെ വിവിധതരങ്ങളായ [illegible]
ഉപദേശങ്ങളെക്കൊണ്ടു വശീകരിച്ചിട്ടുള്ള ആ വ്യഭിചാരിയും [illegible]ള്ളി
ന്നു ആ ഭയങ്കര ദിവസത്തിൽ തൻെറ ന്യായാസനത്തിനു മു[illegible]വർക
ഭയത്തോടും വിറയലോടും കൂടി നില്ക്കുമ്പോൾ ഇവരുടെ [illegible] ഇ
സ്ഥ എന്തായിരിക്കുമെന്നു ചിന്തിപ്പിൻ. ഇതാ നിന്നു വ[illegible]
കൊണ്ടു നിലവിളിക്കുന്നു. ഞങ്ങൾ ചെയ്തതൊക്കെയും തെറ[illegible]
പ്പോയി എന്നു ഏററുപറഞ്ഞുംകൊണ്ടു കണ്ണുനീർ തുടയ്ക്കുന്നു. [illegible]
ളെ തെററിലേക്കു വഴികാണിച്ചുകൊടുത്ത ലോകജ്ഞാനത്തെ [illegible]
ക്കുന്നു. അയ്യയ്യൊ ഇതൊക്കെ കേട്ടിട്ടും സ്രഷ്ടാവിനു അപ്പോൾ [illegible]
ന തോന്നുന്നില്ല ഇതാ കെടാത്ത അഗ്നിയിലേക്കു കൊണ്ടുപോ[illegible]ാ എ
തള്ളുവാൻ ഗബ്രിയേലിനു കല്പനയും കൊടുക്കുന്നു അവിടെ കിടന്[illegible]ല്ലൊ.
ണ്ടു മഹാ പ്രഭുക്കന്മാരൊക്കെയും നിലവിളിക്കുന്നു, മഹാ രാജാ[illegible]ന്മാ
രൊക്കെയും നിലവിളിക്കുന്നു. മഹാ തത്വജ്ഞാനികളൊക്കെ[illegible]
ലവിളിക്കുന്നു. അവരുടെ നിലവിളിയുടെ ശബ്ദം ഇടിമുഴക്ക[illegible]
ലെ മുഴങ്ങുന്നു. തണുപ്പിന്നായി സമുദ്രങ്ങളെ വിളിക്കുന്നു അവ[illegible]
ഷേധിക്കുന്നു. നദികളെ വിളിക്കുന്നു അവ നിഷേധിക്കുന്നു. തോട്ട[illegible]
വിളിക്കുന്നു അവ നിഷേധിക്കുന്നു. അയ്യയ്യൊ ഒരുത്തരും ആശ്വാസ
ത്തിനായി കാണപ്പെടുന്നില്ലല്ലൊ എന്നു പറഞ്ഞു വീണ്ടും നിലവി
ളിക്കുന്നു. മാർ അപ്രേമെൻെറ മെമ്മറായിൽ പറയുന്നതുപോലെ
"അയ്യൊ ദൈവം വലിയവൻ, എത്രക്രൂരകാരനവൻ ആ നേരം
വരുമെന്നപ്പോൾ ആരെയാരക്ഷിനിനക്കാരു. ഇരുട്ടത്തിനെന്ന അടുക്കു
മ്പോൾ വെട്ടംകാട്ടുവാനാരുള്ളു, തീച്ചൂളയിൽ നീ എരിയുമ്പോൾ അ
യ്യൊ തണുപ്പിന്നാരൊള്ളൂ, പാപി എവിടെക്കു നീ പോകും ആ നാ
ഴികയിൽ നീ എന്തു ചെയ്യും".

അന്നു ആ ഭയങ്കരപ്പെട്ട നാഴികയിൽ നിനക്കു ആരും സഹാ
യത്തിനായി കാണുകയില്ല. ആകയാൽ പ്രിയ വായനക്കാരെ! വേ

ത്തെ ചുവടോടെ പറിച്ചുകളവാൻ ശ്രമിക്കുന്ന മതവിപരീതികളുടെ ദുരുപദേശങ്ങളെ നിങ്ങൾ ഒരിക്കലും അംഗീകരിച്ചുപോകരുതെന്നും വേദപുസ്തകവും സഭയുമായി യോജിപ്പില്ലെന്നും അതുനിമിത്തം വേദം വിശ്വാസയോഗ്യമല്ലെന്നും മറ്റുമുള്ള പിശാചന്നടുത്ത വിചാരങ്ങൾ ഒരിക്കലും നിങ്ങളുടെ മനസ്സിൽ അംകുരിച്ചുപോകരുതെന്നും കാതൊലിക്കാ വിശ്വാസത്തിലും ശ്ലീഹായിക്കടുത്തതുമായ നമ്മുടെ സത്യസഭയിലെ വിശ്വാസത്തിന്നും നടപടിക്കും വിരോധമായി നിങ്ങൾ യാതൊന്നും ചെയ്തുപോകരുതെന്നും സർവ്വലോകത്തിന്റെയും പാപങ്ങൾക്കു വേണ്ടി ഗാഗുൽത്തായിൽ ക്രൂശിക്കപ്പെട്ട നമ്മുടെ രക്ഷകനായ ഈശോ മ്ശിഹായുടെ കല്പനകളെ അനുസരിച്ചു അവന്റെ തിരുവിഷ്ടത്തിൻ പ്രകാരം എപ്പോഴും നടന്നുകൊള്ളണമെന്നു ഞാൻ വിനയപൂർവ്വം അപേക്ഷിച്ചുകൊണ്ടു ഈ ചുരുങ്ങിയ പ്രസംഗത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

കെ. വി ജോസെഫ
മുൻസിപ്പുകോട്ടു വക്കീൽ.
കോട്ടയം.

അപ്പൊക്രിഫായും മലയാളമിത്രവും.

...പോയ ഡിസംബർ മാസത്തിലെ മിത്രത്തിൽ അപ്പൊക്രിഫാ...റിച്ചു എഴുതിയിരിക്കുന്ന ഉപന്യാസം വായിച്ചിട്ടു ഞങ്ങൾ...ത്ഭുതവും വ്യസനവും തോന്നുന്നു. കാര്യം പറഞ്ഞാൽ മനസ്സി...ലാത്തവണ്ണം മിത്രാധിപരുടെ നലക്ഷ്മായി കേടുപറ്റിയതാ...താണെന്നുള്ളതുകൊണ്ടു വ്യസനവും കണക്കില്ലാതു പറയുന്നതിന്നു അത്ഭു...തവും തന്നെ. ബുദ്ധി മറിഞ്ഞുപോയിട്ടു ...ങ്ങാനെ അതും ഇതും...ന്നതാണെങ്കിൽ ഞങ്ങൾ മനുഷ്യത്വത്തിനു സഹതപിക്കുന്നു. അ...പൂർവ്വമായി തെറ്റിച്ചു പറകയാണെങ്കിൽ അതിന്നുത്തരം പ...ഴമൊല്ലു പറയുന്നതുപോലെ മുറിപ്പത്തലാണ വേണ്ടതു.

സുറിയാനി കാനോൻപ്രകാരം വേദപുസ്തകങ്ങൾ ഇന്നവയാ...ണെന്നു വ്യവസ്ഥയില്ലെന്നു അതിധൈര്യത്തോടു വാദിച്ചു മിത്രാധിപർ കാനോൻപ്രകാരമുള്ള വേദപുസ്തകങ്ങളുടെ ഒരു ലിസ്റ്റു ഈ പ്രാവശ്യം പ്രസ്താവിച്ചിട്ടുണ്ടു. മിത്രം കണ്ടു കാണാത്ത ഒരു സുറിയാനി കാനോൻ ഇതിനിടെ കണ്ടെന്നു തോന്നുന്നു. എന്നാൽ സുറിയാനി കാനോൻ അച്ചടിയിലും കയ്യെഴുത്തിലുമുണ്ടു. ഈ രണ്ടിനങ്ങളും ഞങ്ങൾ പരിശോധിച്ചു. തൂബ, ഈതഫ്ലിത്തു, എസ്രാ ൨, ബെൻസീറാ, ഇങ്ങനെ ചില പുസ്തകങ്ങൾ കൂടെ സുറിയാനി കാനോനിലെ വേദപുസ്തക ലിസ്റ്റിൽ കാണുന്നുണ്ടു. മിത്രത്തിന്റെ ലിസ്റ്റിൽ ഇവ കാണുന്നില്ല. അതു കൂടാതെ കാനോനിൽ യാക്കോബിന്റെ ലേഖനം ഒന്നു മാത്രമെ ഞങ്ങൾ കാണുന്നുള്ളു. മിത്രം കണ്ട കാനോനിൽ യാക്കൊ

ബിന്റെ ലേഖനങ്ങൾ മൂന്നുണ്ടു. ഇങ്ങനെ കാനൊനിൽ ഉള്ളവയിൽ ചില പുസ്തകങ്ങളുടെ പേർ എടുത്തുകളഞ്ഞും ഇല്ലാത്തതു കൂട്ടിച്ചേൎത്തും മിത്രാധിപൎക്കു തോന്നിയ ഒരു പട്ടിക എഴുതിവെച്ചു ഇതു സുറിയാനി കാനോൻപ്രകാരമുള്ള പട്ടികയാണെന്നു പറഞ്ഞാൽ അതിനെ സ്വീകരിപ്പാൻ ഞങ്ങൾ തയ്യാറല്ല. മിത്രാധിപർ പറയുന്ന പ്രകാരമുള്ള ലിസ്റ്റുകളോടു കൂടിയ പഴയ കാനോൻ പുസ്തകം കാണിക്കാമെങ്കിൽ ആയിരം രൂപായിൽ കുറയാതെ പന്തയം വെക്കുവാനും ഞങ്ങൾ തയ്യാറുണ്ടു.

അനന്തരം: മിത്രത്തിനു തോന്നിയ ഒരു ലിസ്റ്റു പറഞ്ഞച്ചു കാനോനും ബുക്കാനാൻ കൊണ്ടുപോയ സുറിയാനി വേദപുസ്തകവും തമ്മിലുള്ള ചേൎച്ച എത്രത്തോളമുണ്ടെന്നാലോചിക്കാം" എന്നു മിത്രം പറയുന്നു. എന്നിട്ടു, ചേൎച്ച ആലോചിച്ചിരിക്കുന്നതു മിലാൻ പട്ടണത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നതും നെസ്തോർകാരുടേതെന്നു ഊഹിക്കപ്പെട്ടതുമായ ഒരു പുസ്തകത്തോടാണ. ബുക്കാനാന്റേതു കേംബ്രിഡ്ജിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നതും അതു യാക്കോബാക്കാരുടേതാണെന്നു കേംബ്രിഡ്ജുകാർ തന്നെ എഴുതിയിരിക്കുന്നതുമിരിക്കെ, മിലാനിൽ ഇരിക്കുന്ന നെസ്തോർപുസ്തകവും കാനോനും കൂടി താരതമ്യപ്പെടുത്തിയാൽ കാനോനും ബുക്കാനാന്റെ പുസ്തകവും തമ്മിൽ ഉള്ള ചേൎച്ചയൊ വ്യത്യാസമൊ അറിയാമെന്നു പറയുന്ന അതു ശുദ്ധമെ വിഡ്ഢിത്വമൊ മഹാഭ്രാന്തോ! അല്ലെങ്കിൽ മനസ്സറിഞ്ഞു വായനക്കാരെ വഞ്ചിക്കുവാൻ ചെയ്യുന്ന വിദ്യയായിരിക്കണം.

എന്നാൽ ബുക്കാനാന്റെ പുസ്തകവും കാനോനും തമ്മിൽ ചേൎച്ചയുണ്ടോ എന്നു ഞങ്ങൾ കാണിച്ചുതരാം. വേദപുസ്തകങ്ങളായി കാനോനിൽ പറയുന്ന പഴയനിയമ പുസ്തകങ്ങൾ ഏവയെന്നാൽ മോശെ ൫, യോശുവാ ൧, ന്യായാധിപതിമാർ ൧, രൂത്ത ൧, ... ദിത്ത ൧, രാജാക്കൾ ൪, നാളാഗമം ൨, എസ്രാ ൨, എസ്തേർ ൧, ... ബീദ ൧. മക്കബായർ ൩. ഇയ്യോബ ൧, സങ്കീൎത്തനം, ശ്ലോമ്മോന്റെ ... ൫, നിബിയന്മാർ ൧൬, ബെൻസീറാ ൧, ഇവയാകുന്നു.

കേംബ്രിഡ്ജുകാരുടെ പട്ടികപ്രകാരം ബുക്കാനാൻ കൊണ്ടുപോയ പുസ്തകത്തിൽ അടങ്ങിയ പഴയനിയമ ഭാഗങ്ങൾ ഏതെല്ലാമെന്നു കൂടെ പറയാം, മോശെ ൫, യോബ, യോശുവാ, ന്യായാധിപതിമാർ, ശമുവേൽ ൨, രാജാക്കൾ ൨, സങ്കീൎത്തനം, നാളാഗമം ൨, സുഭാഷിതം, പ്രസംഗക്കാരൻ, പാട്ടു, യേശായാ, യറമിയാ, വിലാപം, ബാറൂക്ക് ൨, എസക്കിയേൽ, ചെറിയദീൎഘദൎശിമാർ ൧൨, ദാനിയേൽ, അതോടുകൂടി ബാല്യാ പെരുമ്പാമ്പും, ശൂശന്നാ, രൂത്ത, എസ്തേർ, യൂദിത്തു, എസ്രായും നെഹമിയായും കൂടി ഒന്നായിട്ടു ബെൻസീറാ, മക്കബായർ ൪, ൧-ാം എസ്രാ, യൂബീല, ഇവയാകുന്നു.

ഇനി ഈ രണ്ടു ലിസ്റ്റും തമ്മിൽ വല്ല വ്യത്യാസവും ഉണ്ടോ എന്നുകൂടെ നോക്കാം. കാനോനിൽ രാജാക്കൾ ൪ എന്നു പറയുന്നതിൽ ബുക്കാനാന്റെ പുസ്തകത്തിലെ ശമുവേൽ ൨-ം രാജാക്കൾ ൨-ം ഉൾപ്പെട്ടിരിക്കുന്നു. ജ്ഞാനം രണ്ടു പുസ്തകങ്ങളായി എണ്ണപ്പെട്ടിരിക്കുന്നു എന്നു കാനോനിൽ വിവരിച്ചിട്ടുള്ളതിനാൽ ശ്ലെമ്മോന്റെ ൫. എന്നതിൽ സുഭാഷിതം, പ്രസംഗക്കാരൻ, പാട്ടു, ജ്ഞാനം രണ്ടു, ഇവ ഉൾപ്പെടുന്നു. ദീർഘദർശികൾ ൧൬-ൽ ചെറിയ ദീർഘദർശികൾ ൧൨ നിക്കി നാലു വലിയ ദീർഘദർശികൾ ഏശായാ, യറമിയാ, ഹെസക്കിയേൽ ദാനിയേൽ ഇവരാണെന്നുള്ളതിനു തർക്കമില്ലല്ലോ. വിലാപവും ബാറൂഹും യറമിയായുടെ പുസ്തകത്തോടു ചേർത്തു എണ്ണപ്പെടുന്നതിനാലും, ബാലും പെരുമ്പാമ്പും, സൂസന്നായും ദാനിയേലിന്റെ പുസ്തകത്തിന്റെ അംശങ്ങളാകയാലും കാനോനിൽ നിബിയന്മാർ [illegible]ന്നു എന്നു പറഞ്ഞിരിക്കുന്നതിൽ ഇവ ഉൾപ്പെട്ടിരിക്കുന്നു. എസ്രാ [illegible]നെഹമിയായും കൂടി ഒരു പുസ്തകമായി ഗണിക്കയും അങ്ങിനെ [illegible]വി എഴുതുകയും ചെയ്യുന്നതിനാൽ എസ്രാ ൨ എന്നു കാനോ[illegible] പറഞ്ഞിട്ടുള്ളതിൽ എസ്രാ, നെഹമിയായും മിത്രം അപ്പൊക്രി[illegible]ൽ ചേർത്തിരിക്കുന്ന എസ്രായും ഉൾപ്പെട്ടിരിക്കുന്നു. മക്കബാ[illegible] എന്നും ൪ എന്നും ഒരു വ്യത്യാസം കാണുന്നുണ്ടു. പുസ്തകങ്ങളു[illegible]വിഭാഗം ഓരോരുത്തർ ഓരോ കാലത്തു അവരവരുടെ യുക്തം[illegible]ലെ പറയാറുണ്ടെന്നു ൩ കാരണം ഞങ്ങൾ മുമ്പിൽ പറഞ്ഞിട്ടുള്ള[illegible]ത്താൽ ഇതു ഒരു വ്യത്യാസമല്ലെന്നു കാണാം.

[illegible]തുകയാൽ കാനോനിലെ ലിസ്റ്റും ബുക്കാനാന്റെ പുസ്തക[illegible] തമ്മിൽ യാതൊരു ഭേദവും ഇല്ലെന്നു സ്പഷ്ടമായിരിക്കുന്നു ല[illegible]യ വല്ല വ്യത്യാസവും ഉണ്ടെന്നിരിക്കട്ടെ. അതുകൊണ്ടു മിത്രത്തി[illegible] തർക്കം എങ്ങിനെ സ്ഥാപിക്കാം. കാനോൻ എടുത്താലും ബുക്കാ[illegible]ന്റെ എടുത്താലും മിലിനിലെ പുസ്തകം എടുത്താലും മിത്രം [illegible]പ്പൊക്രിഫായാക്കിയിരിക്കുന്ന പുസ്തകങ്ങളെ വേദപുസ്തകങ്ങളാ[illegible]വച്ചിരിക്കുന്നതായിട്ടാണു കാണുന്നതു. മിത്രം കൊണ്ടുവന്നിരിക്കു[illegible]ന്ന ഈ ലക്ഷ്യങ്ങൾ സുറിയാനിക്കാർക്കു ഇവ വെദപുസ്തകങ്ങളല്ലെന്നുള്ള മത്രവാദത്തെ ഖണ്ഡിക്കുവാൻ കൂടെക്കൂടെ ഉപയോഗപ്പെടുന്നു. ഇതിൽ മിത്രം ഇരിക്കുന്ന കമ്പു വരയുന്ന ഭോഷന്റെ പ്രവൃത്തി പ്രയോഗിച്ചിരിക്കുന്നതെ ഉള്ളു.

മിത്രവും പത്രികയും തമ്മിലുള്ള തർക്കം അപ്പൊക്രിഫാ എന്നു മിത്രം പറയുന്ന പുസ്തകങ്ങളെ വേദങ്ങളായി സുറിയാനി സഭ കൈക്കൊണ്ടിട്ടില്ലെന്നും ഉണ്ടെന്നും മാത്രമാണ. ഇല്ലെന്നുള്ളതിനു മിത്രം കൊണ്ടുവന്ന തെളിവുകൾ (൧.) കാനോൻ, (൨) മതസംഗതി, (൩) ബുക്കാനാൻ കൊണ്ടുപോയ പുസ്തകത്തിൽ ഇവ ഇല്ലെന്നുള്ളതു, (൪) തർക്ക

പ്പെട്ട പുസ്തകങ്ങളിൽ നിന്ന വായനയില്ലന്നുള്ളതു, ഇങ്ങിനെ നാല്പ ഭേദകൾ ആയിരുന്നു.

(൧) കാനോൻ പ്രകാരം വേദപുസ്തകങ്ങൾ ഇന്നവയാണെന്ന വ്യവസ്ഥയുണ്ടെന്ന മിത്രം ഒടുവിൽ ഏതെങ്കിലും സമ്മതിച്ചിരിക്കുന്നു. മിത്രം കാനോനിൽ നിന്ന പകൎത്തിയിരിക്കുന്ന ലിസ്റ്റോടുകൂടി മിത്രം വിട്ടുകളയൊ മറച്ചുവയ്ക്കയൊ ചെയ്ത ഭാഗങ്ങൾകൂടെ ചേൎക്കുമ്പോൾ കാനോൻ പ്രകാരം "അപ്പൊക്രിഫാ" വേദമാണെന്നു വരുന്നു.

(൨) മതസംഘാതിയിൽ ഇവ വേദമാണെന്ന യഥാൎത്ഥമില്ലാത്ത വാചകത്തിൽ എഴുതിയിരിക്കുന്ന ഭാഗം മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലൊ.

(൩) ബുക്കാനാൻ കൊണ്ടുപോയ പുസ്തകത്തിൽ "അപ്പൊക്രിഫാ" ഇല്ലന്നു മിത്രം വാദിച്ചതു മൌഢ്യമാണെന്ന ഞങ്ങൾ പറഞ്ഞപ്പോൾ ഞങ്ങളെ വിശ്വസിപ്പാൻ മനസ്സില്ലന്ന മിത്രം ലജ്ജകൂടാതെ പറഞ്ഞുകളഞ്ഞു. ഇപ്പോൾ നേരെ നമ്മരിക്കുന്നതിനുള്ള ലക്ഷ്യംകൊണ്ടു മലയാ[illegible]നിൽ ഇരിക്കുന്ന ഒരു പുസ്തകത്തിൽ നിന്ന അപ്പൊക്രിഫായുടെ [illegible]ള്ളിസ്റ്റ് മിത്രം പകൎത്തിയിരിക്കുന്നു. പഴയ കയ്യെഴുത്ത പുസ്തക[illegible]വൎക്കകൊണ്ടു വേദപുസ്തകങ്ങൾ ഇന്നവയാണെന്ന അനുമാനിക്കാമെ[illegible] ഈ മിത്രത്തിന്റെ യുക്തി സ്വീകരിക്കാമെങ്കിൽ ബുക്കാനാന്റെ പു[illegible] കൊണ്ടും മിലാനിലെ പുസ്തകംകൊണ്ടും മിത്രവാദം പരി[illegible] പൊടിഞ്ഞുപോയിരിക്കുന്നു.

(൪) പിന്നെ വായനയെക്കുറിച്ചു ഞങ്ങൾ കുറിപ്പിൽ നിന്ന[illegible]ളിവു കാണിച്ചപ്പോൾ കുറിപ്പിൽ അദ്ധ്യായവും പാസോക്കായും യാത്തതുകൊണ്ടു കുറിപ്പിലെ വായന വായനയാകയില്ലപോലു[illegible]ാ എ യ്യെഴുത്തു പുസ്തകത്തിൽ അദ്ധ്യായവും പാസോക്കായുമില്ലാത്തത[illegible]ല്ലൊ. പറഞ്ഞതിനു മിത്രം പറയുന്ന സമാധാനം "കയ്യെഴുത്തു പകൎപ്പ്[illegible] ഓരോ വരിയും എണ്ണി തിട്ടപ്പെടുത്തുകയും കാനോനിക പുസ്ത[illegible]ങ്ങളെ അദ്ധ്യായവും പാസോക്കായുമായി തിരിക്കയും" ചെയ്തിട്ടുണ്ട് എന്നാണ. അച്ചടിച്ച പുസ്തകത്തിൽ അച്ചടിച്ചവർ അദ്ധ്യായവും [illegible]ക്കായും തിരിച്ചിട്ടുണ്ടെന്നു വച്ചു കയ്യെഴുത്തിൽ തിരിച്ചിട്ടുണ്ടെന്നു പറഞ്ഞതിന്റെ തെളിവു എവിടെ? തെളിവില്ലങ്കിൽ അതു മിത്രാധി[illegible]പരുടെ അധിക പ്രസംഗമാണെന്ന പറയേണ്ടിയിരിക്കുന്നു. ബുക്കാനാന്റെ പുസ്തകത്തിന്റെ സ്ഥിതിതന്നെ നോക്ക. അതിന്റെ പട്ടക്കത്താവു പറയുന്നതു അദ്ധ്യായവും വാക്യവും തിരിച്ചു വിളുമ്പിൽ ഇംഗ്ലീഷിൽ കുറിച്ചിട്ടുണ്ടെന്നാകുന്നു. പടി ൧൮൧൨-ാം [illegible] അങ്ങനെ ചെയ്തതു ആ പുസ്തകം കെംബ്രിഡ്ജിൽ ചെന്നതിന്റെ പിന്നെയായിരുന്നു. തൎക്കപ്പെട്ട പുസ്തകങ്ങൾക്കു സുറിയാനി പിതാക്കൾ അദ്ധ്യായവും വാക്യവും ഇടാഞ്ഞതുകൊണ്ടു അവയെ അവർ വേദമായി ഗണിച്ചിരുന്നില്ലന്നാണല്ലൊ മിത്രത്തിന്റെ വാദം. പഴയനിയമത്തിലും പുതിയനിയമത്തിലുമുള്ള ഒരു പുസ്തകങ്ങളും സുറിയാനി

പിതാക്കൾ അദ്ധ്യായവും വാക്യവുമായി തിരിക്കാഞ്ഞതുകൊണ്ടു ഇവ മുഴുവൻ വേദപുസ്തകമായി സുറിയാനിക്കാർ വകവച്ചിട്ടില്ലെന്നുകൂടെ അനുമാനിക്കുവാൻ മിത്രത്തിനു പ്രയാസം ഉണ്ടായിരിക്കയില്ല.

ഇങ്ങനെ "അപ്പൊക്രിഫാ" എന്ന പുസ്തകങ്ങളെ കുറിച്ചു സുറിയാനിസഭയുടെ വിശ്വാസം ഇന്നതെന്നു വ്യവസ്ഥപ്പെടുത്തുവാൻ മിത്രം കൊണ്ടുവന്ന തെളിവുകൾ എല്ലാം മിത്രത്തിന്റെ അന്ധതയെ വെളിപ്പെടുത്തുകയും ഞങ്ങളുടെ തർക്കത്തെ സ്ഥാപിക്കയും ചെയ്തിരിക്കുന്നു.

മിത്രം ഈ പ്രാവശ്യം ഒരു പുതിയ തെളിവു കൊണ്ടുവന്നിട്ടുണ്ടു. അതു കാലം ചെയ്ത പാത്രിയർക്കീസ ബാവാ "അപ്പൊക്രിഫാ" നീക്കിയുള്ള പുസ്തകങ്ങളെ അച്ചടിപ്പിക്കുവാൻ ഭാവിച്ചു എന്നു ഒരു സാക്ഷി പറയുന്നുണ്ടെന്നാണ. സാക്ഷി പറയുന്ന വാക്ക "നമ്മുടെ സ്വ[..]ന്ത കാനോനിക പുസ്തകങ്ങൾ" എന്നാകുന്നു. ഇതിൽ ഒന്നുരണ്ടു സം[..]തികൾ ആലൊചിപ്പാനുണ്ടു (൧) നമ്മുടെ കാനോനിക പുസ്തകങ്ങ[..]ന്നു ഒരു ആംഗ്ലിയാക്കാരൻ പറഞ്ഞാൽ ഏതെല്ലാം ഉൾപ്പെട്ടു? ആ[..] ആംഗ്ലിയാ സഭയിലെ ലോചർച്ച് കക്ഷിക്കാരൻ ആണെങ്കിൽ [..]പ്പൊക്രിഫ" ഉൾപ്പെടുകയില്ലായിരിക്കും" നേരെ മറിച്ചു അ[..]ൾ ഹൈചർച്ചുകാരനാണെങ്കിൽ "നമ്മുടെ കാനോനിക പുസ്ത[..]ങ്ങൾ" എന്നു പറഞ്ഞാൽ അപ്പൊക്രിഫാ ഉൾപ്പെട്ടവയാകുന്നു. അ[..]തിനു തെളിവു വേണമെങ്കിൽ ഗൊട്ടിമർ എന്നും ഡോബിനി എ[..]ന്നുള്ള ആംഗ്ലിയാ വൈദികന്മാരുടെ പുസ്തകങ്ങളും ചർച്ചടൈംസ് [..]ന്ന പത്രവും കാണിച്ചുതരാം. പോരെങ്കിൽ എഡ്വാർഡ് ചക്രവ[..]ർത്തിയുടെ കിരീടധാരണത്തിങ്കൽ ബൈബിൾ സൊസയിറ്റിക്കാർ കൊടു[..]ക്കാമെന്നു പറഞ്ഞ ബൈബിൾ സ്വീകരിക്കാഞ്ഞ കാരണം ആലോ[..]ചിച്ചാലും മതി. അതിനാൽ ബാവാ അച്ചടിപ്പിക്കാൻ നിശ്ചയിച്ച [..]സ്തകങ്ങൾ ഏതെല്ലാമെന്നു ആ സാക്ഷിയുടെ വാക്കിൽ നിന്നു അ[..]റിയാനിക്കണമെങ്കിൽ, ആ സാക്ഷി ഏതു വിശ്വാസത്തിലും കക്ഷിയി[..]ൽ നില്ക്കുന്നവനാണെന്നു ആദ്യമെ തെളിയിച്ചു തരേണ്ടതായിരുന്നു.

(൨) പാത്രിയർക്കീസു ബാവാ മിത്രം ഊഹിക്കുന്നതുപോലെ അച്ചടിപ്പിച്ചതായി വല്ല തെളിവും ഉണ്ടോ. അദ്ദേഹം മലയാളത്തു താമസിച്ച കാലത്തു പല സർക്കുലർ കല്പനകളു അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ടു. അവയിൽ ഉപദേശസ്ഥാപനങ്ങളും "അപ്പൊക്രിഫാ"യിൽ നിന്നു വാക്യം എടുത്തു ആധാരമാക്കിയിരിക്കുന്നതിനാൽ ആ പിതാവിന്റെ വിശ്വാസം ഇന്നതാണെന്നു തെളിയിക്കാം. ഇവിടെ നിന്നു തിരിച്ചുപോയതിൽ പിന്നെ അദ്ദേഹം "അപ്പൊക്രിഫാ"യെ വേദത്തിൽ നിന്നു റദ്ദ് ചെയ്യുകയെങ്കിൽ ആ വിവരത്തിനുള്ള കല്പനവന്നതു ഞങ്ങൾക്കില്ല. സി. എം. എസ്. പ്രസ്സുകാർക്കാ കൽമാടി പ്രഭുക്കൾക്കുമായിരിക്കാം. അങ്ങനെ വല്ലതുമുണ്ടെങ്കിൽ കണ്ടാൽ

കൊള്ളാം. പരദേശ യാക്കോബായ സഭ അപ്പോക്രിഫായെ വേദമാ
യിട്ടാണ വകവച്ചിരിക്കുന്നതെന്നറിവാൻ വേറൊരു സാക്ഷിനെ ഞ
ങ്ങൾ തെളിവുതരാം. ബാഡ്ജർ ഫ-ാം വാല്യം ൧ഫ-ാം പുറം നോ
ക്കുക.

ഇനി മിത്രത്തിന്റെ നിസ്സാരങ്ങളായ ചില പന്നിപ്പിച്ചുകൾ
കൂടി ചുരുക്കത്തിൽ ഒരു കഷായം കുടിച്ചു അവസാനിപ്പിക്കാം. മ
ലയാള സുറിയാനിക്കാർ ഉപയോഗിച്ചുവരുന്ന അച്ചടിച്ച സുറിയാ
നി വേദപുസ്തകം ബൈക്കാനാൻ കൊണ്ടുപോയ പുസ്തകത്തിന്റെ പ
കർപ്പാണെന്നു മുമ്പൊരിക്കൽ മിത്രം ബലമായ വാദിക്കയുണ്ടായി. അതു
ഒരു സുറിയാനി പട്ടക്കാരൻ എഴുതി അയച്ചതു വിശ്വസിച്ചു എഴു
തിപ്പോയതാണെന്നും അതിനെ പത്രിക പ്രധാനമാക്കിയതു പത്രിക
യുടെമേൽ ഒരാക്ഷേപമായിട്ടും മിത്രം പറയുന്നു. ഈ സംഗതി മി
ത്രം പണ്ടു പ്രസ്താവിച്ച കാലത്തു പലരും പറഞ്ഞു കേട്ടതായിട്ട
ല്ല, മിത്രത്തിന്റെ സ്വന്തമായിട്ടും പരത്ര സംബന്ധമായി അന്നു ...ള്ളി
ത്രം പുറപ്പെടുവിച്ചു ഒരു വലിയ തർക്കത്തെ സ്ഥാപിക്കുന്നതെ...വർക
യിട്ടുമത്രെ പറഞ്ഞതു. അന്നത്തെ വാദത്തിനു അതു ആവശ്യ...ാ. ഈ
യിരുന്നു. ഇന്നു ആ സംഗതം അബദ്ധമാണെന്നു കണ്ടപ്പോൾ പ...
കേട്ടതായിപ്പോയി ഇരിക്കട്ടെ ഇതിൽ നിന്നു പല അനുമാന...
ജനിക്കുന്നുണ്ടു.

(൧) ഈ സംഗതിയിലും ഇതിനു മുമ്പിൽ വേറെ രണ്ടുമൂന്നു ...
ഗതികളിലും സുറിയാനിയുടെ നിലതെഴുത്തു പോലും അറിഞ്ഞു...
ടാത്ത ചില നവീകരണക്കാരത്തങ്ങളൊ പടിപ്പും മല്പാന്മാരൊ ...
ദേശിച്ചുകൊടുത്ത അറിവുകൾ എല്ലാം മിത്രം നവളിപാരുപോ...
വിശ്വസിച്ചതിനാൽ എത്ര അടി വാങ്ങിക്കൊണ്ടുവന്നു, എന്നോ...
ട്ടെങ്കിലും ഈ കൂട്ടരെ അകത്തിനിർത്താൻ പാർക്കട്ടെ. കാരണോ...
ജ്ജമയും ഈ കൂട്ടർ വച്ചുതന്നതായിരിക്കുമെല്ലോ. കല്ലേൽ ക...
പ്പുകളയാന്ത ഫാദർ നധിയിരി മുതലായി സുറിയാനി അറ...
യുന്ന വല്ല റോമാ പട്ടക്കാരെയും കാരണോന്മ കാണിച്ചു ശരിയാ...
ത്തുമ എന്തെന്നു വ്യവസ്ഥപ്പെടുത്തിവെച്ചു തർക്കിപ്പാൻ വരണ...
മെന്നു മിത്രത്തോടു ഞങ്ങൾ ഗുണദോഷിക്കുന്നു.

(൨) തൽക്കാലം പറഞ്ഞുനില്ക്കാൻ മാത്രം മിത്രം കേട്ടതെല്ലാം ഉ
പ്ലിച്ചുപാക പതിവാണെന്നു വരുന്നു.

(൩) മിത്രം സ്വന്ത അഭിപ്രായമായി പറയുന്നതിനെ മേലിൽ
ആരും വിശ്വസിക്കരുതു. അല്ലാഞ്ഞ വിശ്വസിച്ചാൽ ഞങ്ങൾ ഭാവി
ച്ചതുപോലെ അവരും മിത്രത്തിന്റെ ആക്ഷേപത്തിനു പാത്രങ്ങ
ളായി തീരും. ഹാ! ലജ്ജയില്ലാത്ത മിത്രമെ? കഷ്ടം! നീ ബലമായി
വാദിച്ച സംഗതി ഞങ്ങൾ എടുത്തു പറഞ്ഞതിനു ഞങ്ങളെ ആക്ഷേപി
ക്കാമെന്നു തോന്നിയ നിനക്കു നാണമൊ മാനമൊ ഇന്നതെന്നാ

യാമൊ? വല്ലവരും പറഞ്ഞുകേട്ടതു നിന്റെ സ്വന്തമായി പ്രസ്താവിച്ചതിനു ഒരു ആക്ഷേപവുമില്ല! അതിനെ എടുത്തുപറഞ്ഞ ഞങ്ങൾക്കാണു ആക്ഷേപം! എങ്കിലും ഞങ്ങൾ ഒന്നുപഠിച്ചു. മിത്രം പറയുന്നതു വിശ്വസിച്ചുപോകയരുതെന്നു മിത്രം തന്നെ ഞങ്ങളോടു ഉപദേശിച്ചിരിക്കുന്നു. മിത്രവായനക്കാർ കൂടെ ഈ ഉപദേശം ഓൎത്തുകൊണ്ടാൽ നന്നു.

൪. ഒന്നുമാത്രം കൂടെ പറഞ്ഞു നിറുത്തട്ടെ. അച്ചടിച്ച സുറിയാനി വേദപുസ്തകം ബുക്കാനാന്റെ പുസ്തകത്തിന്റെ പകൎപ്പാണെന്നു ഒരു കത്തനാർ പറഞ്ഞതു വാസ്തവമല്ലെന്നാണല്ലൊ മിത്രം ഇപ്പോൾ പറയുന്നതു. ആ കത്തനാർ ഒരു കള്ളൻ! ഒരു നവീകരണ മെത്രാൻ സിമ്മനാരി സംപ്രീതർ ഇങ്ങനെ സത്യത്തുമ്മേൽ മൊഴി കൊടുത്തിട്ടുണ്ടു. ആ മെത്രാനും കള്ളൻ! (എന്താണു ഇങ്ങനെയല്ലെ മിത്രത്തിന്റെ ഇപ്പോഴത്തെ വാദത്തിൽ നിന്നു അനുമാനിക്കേണ്ടതു?) ബുക്കാ[നാ]ന്റെ പുസ്തകം നോക്കി ബൈബിൾ സൊസയിററിക്കാർ അച്ചടി[ച്ചു] എന്നു ഹ[ോ] ഷ്സൻ എന്നൊരു സാക്ഷി എഴുതിയിരിക്കുന്ന വി[വരം] [മു]മ്പിൽ ഞങ്ങൾ കാണിച്ചിരുന്നല്ലൊ ആ സാക്ഷ്യം കള്ളൻ! [മി]ത്രമെ! തീൎത്തു പറയു, മടിക്കണ്ടാ.) പഴയവനും സുറിയാ[നി] പുതിയ നിയമം അച്ചടിപ്പിക്കുന്നതിനു മിസ്റ്റർ ലീ എന്നയാൾ ബു[ക്കാ]നാന്റെപുസ്തകത്തെ ഉപയോഗപ്പെടുത്തി എന്നു കെംബ്രിഡ്ജ[ി]ലെ പുസ്തകപ്പട്ടിക ൧൮൭൪-ാം പുറത്തു പറയുന്നു. ആ പട്ടിക [ഉ]ണ്ടാക്കിയവനും കള്ളൻ! (അല്ലെന്നുണ്ടൊ?) അച്ചടിച്ച സുറിയാനി ബൈ[ബി]ൾ ബുക്കാനന്റെ പുസ്തകത്തിന്റെ പകൎപ്പാണെന്നു മിത്രം പ[ത്രം] [മു]മ്പാകൽ ഘോഷിച്ചു പറഞ്ഞു. മിത്രപത്രാധിപരും കള്ളൻ! ഹെ! [മി]ത്രം ഒരിക്കലും കള്ളനല്ല. ഒരു കള്ളൻ എഴുതിയതുവെച്ചു നേരാണെന്നു [വ]ിശ്വസിച്ച മടയൻ എന്നായിരിക്കും മിത്രത്തിന്റെ അനുമാനം [ഇതു] ഉള്ളെങ്കിൽ അതു മതി എന്നിരിക്കട്ടെ) ബുക്കാനാന്റെ പുസ്തക[ത്തി]ന്റെ പകൎപ്പാണെന്നു ഉള്ളയുക്തി അടിസ്ഥാനമാക്കി മിത്രം അന്നു ഒ[രു] ചരിത്രം എഴുതിയിരുന്നല്ലൊ, ആ ചരിത്രം തെററു! (ഹെ, മിത്ര[മെ] ഏററുപറയൂ, മടിക്കണ്ടാ.) അന്നു ഇടവകപത്രകവെച്ചു എതുവാ[ദ]ം സത്യം! (എന്താണു സമ്മതിപ്പാൻ സംശയമുണ്ടൊ? ഒട്ടും മടിക്കണ്ടാ, ഏററു പറഞ്ഞുകൊള്ളുക)

ഇത്രത്തോളം ഡിസംബർ മാസത്തിലെ മിത്രപ്രസംഗം കൊണ്ടുവരുത്തിയിട്ടുണ്ടു. എന്നാൽ ഈ കാൎയ്യത്തമ്മേൽ പേരു പറഞ്ഞ വിദ്വാന്മാർ എല്ലാവരും കള്ളന്മാരാണെന്നു പറവാൻ ഞങ്ങൾ തയാറല്ല, പറകയുമില്ല. അപ്പഴപ്പോൾ ഉണ്ടാകുന്ന ആവശ്യം പോലെ തിരിച്ചും മറിച്ചും പൂൎവ്വാപരം വിരുദ്ധങ്ങളെ പറവാൻ ലജ്ജയില്ലാത്ത മിത്രം എല്ലാവരേയും കള്ളന്മാരാക്കട്ടെ

ഞങ്ങളുടെ പ്രസംഗം ഏറെ ദീൎഘിച്ചുപോയെങ്കിലും ഒന്നു കൂടെ

പാലാതിരിപ്പാൻ പാടില്ല. മിത്രം കാനോനിൽ നിന്നു പകൎത്തിയതിൽ വഞ്ചന കാണിച്ചു എന്നുള്ള ഞങ്ങളുടെ ആക്ഷേപത്തിനു ഇപ്പോൾ ഒരു സമാധാനം കൊണ്ടുവന്നിട്ടുണ്ടു. അതു കാൎയ്യസാദ്ധ്യത്തിനു ആവശ്യപ്പെട്ട ഭാഗം മാത്രം പകൎത്തുക പതിവാണെന്നാകുന്നു. ശരിതന്നെ. ഒരു ദീൎഘവാചകത്തിൽ ആവശ്യപ്പെട്ട അംശം മാത്രം എടുത്തു പകൎത്തുക പതിവാണെന്നു ഞങ്ങളും സമ്മതിക്കുന്നു. അസലിൽ ഇല്ലാത്ത വാക്കുകളെ കൂട്ടിച്ചേൎത്തും ഉള്ള വാക്കുകളെ എടുത്തുകളഞ്ഞും ചില വാക്കുകളെ ഭേദപ്പെടുത്തിയും എഴുതി ഒട്ടുക്കു ആവരണചിഹ്നം പ്രയോഗിക്കുന്നതു പതിവാണെന്നൊ നീതിയാണെന്നൊ വല്ല ലക്ഷ്യവുമുണ്ടെങ്കിൽ കേട്ടാൽ കൊള്ളാം. മിത്രം ചെയ്തതു ഇപ്രകാരമാണ. ആ പ്രവൃത്തി നീതിയാണെന്നു മിത്രം വാദിക്കുന്നെങ്കിൽ മിത്രപത്രാധിപരുടെ മേൽ മനഃപൂൎവമായ വഞ്ചനക്കുറ്റം ഞങ്ങൾ വീണ്ടും വീണ്ടും ആരോപിക്കുന്നു. മിത്രത്തിന്റെ സമാധാനം ഇരുട്ടുകൊണ്ടു[illegible] ള്ള ഓട്ട അല്ലെന്നു അദ്ദേഹത്തിനു വിശ്വാസമുണ്ടെങ്കിൽ അസ്സൽ [illegible] നോനിലെ വാചകവും അദ്ദേഹം പകൎത്തിയ വാചകവും [illegible] എഴുതി മൂലത്തിൽ നിന്നു പകൎത്തിയതെന്നു ഭാവിക്കുന്ന വാ[illegible] ൽ ഉള്ള എല്ലാ പദങ്ങളെയും മൂലത്തിൽ കാണിച്ചുതരട്ടെ. [illegible] പറഞ്ഞാൽ കാനോനിൽ നിന്നു പകൎത്തിയതിൽ മിത്രം തന്റെ[illegible] ൻ അഭിലാഷസാദ്ധ്യത്തിനുവേണ്ടി അസത്യം പ്രയോഗിച്ചിരിക്കു[illegible] എന്നു വ്യസനപൂൎവം ഞങ്ങൾ പറഞ്ഞുകൊള്ളുന്നു. എന്നാൽ [illegible] പറയുന്നതിനെ ആധാരമാക്കുന്നവൻ വിഡ്ഢിയാണെന്നുകൂടത്തേ[illegible] ഈ പ്രാവശ്യം മിത്രം തന്നെ ഉപദേശിച്ചിട്ടുള്ളതുകൊണ്ടു മിത്ര[illegible]ന്റെ കാനോൻ തൎജ്ജമയെയും ആ ഇനത്തിൽ ചേൎത്താൽ [illegible]ല്ലൊ. യാകും. ഇനി ഒരു സന്ദൎഭത്തിൽ ഇതും ആരാണ്ടു പറഞ്ഞുകേട്ടു [illegible]നിക്കുതിപ്രായ ഒരു പി[illegible]കാണെന്നു മിത്രം പറവാൻ എളുപ്പമുണ്ട[illegible] തിനാൽ സുറിയാനി അറിയാവുന്ന വല്ല റോമ്മാപട്ടക്കാരെയും [illegible] കാനോൻ ഭാഗം ഒന്നു കാണിച്ചു അൎത്ഥം സഹിതപ്പെടുത്തിയേച്ചു [illegible] ക്കിപ്പാൻ അപേക്ഷയുണ്ടെന്നു കാണുന്ന പക്ഷം മാത്രം അതിനു പുറപ്പെ[illegible]ടട്ടെ എന്നു മിത്രത്തെ ഒരിക്കൽ കൂടെ ഞങ്ങൾ ഉപദേശിക്കുന്നു.

മാർ ഗ്രീഗോറിയോസു ജീവചരിത്രം.

മലങ്കര ഇടവകപത്രിക പത്രാധിപർ അവർകൾക്കു.

ഇതിനെ സംബന്ധിച്ചു ഞാൻ എഴുതിയിരുന്ന ലേഖനത്തെ കുറിച്ചു ഒരു പുസ്തകത്തിൽ തെറ്റുകൾ ഉണ്ടെന്നു ആൎക്കെങ്കിലും തോന്നിയാൽ ആ വിവരം ഗ്രന്ഥകൎത്താവിനെ അറിയിക്കയും അദ്ദേഹത്തിൽ നിന്നു തൃപ്തികരമായ മറുപടി കിട്ടാതെയിരിക്കയൊ പിന്നത്തെ പതിപ്പിൽ തിരുത്താതെയിരിക്കയൊ ചെയ്യുയാണെങ്കിൽ മാത്രം

പത്രങ്ങളിൽ ആക്ഷേപിക്കുകയാം സഹതാപമുള്ളവരുടെ മര്യാദ യെന്നും മററും മിസ്റ്റർ എം. പി. വക്കി കഴിഞ്ഞലക്കം പത്രികയിൽ എഴുതിയിരിക്കുന്നു.

ടി. ചരിത്രത്തിന്റെ ഗ്രന്ഥകൎത്താവു മൂക്കഞ്ചേരിൽ പൈലി വക്കി എന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുമ്പോൾ മൂക്കഞ്ചേരിൽ പുറവത്ത വക്കിയായ എം. പി. വക്കിയുടെ പേക്കു എഴുതി ഖേദിക്കുന്നതിനുള്ള ന്യായം എന്ത? മൂക്കഞ്ചേരിൽ പൈലി വക്കി എന്ന ഒരാൾ ഇല്ലാതെയിരിക്കുന്ന സ്ഥിതിക്കു ആ പേരുവിലാസത്തിൽ ലേഖനമെഴുതി അയച്ചാൽ 'കൊള്ളില്ല' എന്ന ദ്രവ്യം സമ്പാദിച്ചു കൊണ്ടു എഴുതി അയച്ച ആളിന്റെ [illegible] എന്നല്ലാതെ വല്ല സംശയവും ഉണ്ടോ? ഇതുകൊണ്ടു ടി പുസ്തകത്തിന്റെ പ്രസിദ്ധകനായ വറുഗീസ മാപ്പിളയുടെ പേക്കു ഒരു ലേഖനം അയച്ചു. അദ്ദേഹവും യാതൊരു മറുപടിയും പറയാതെ ഉപേക്ഷിച്ചുകളഞ്ഞു. പിന്നെ ഈ സംഗതിയെ വെളിപ്പെടുത്തുന്നതിനു സുറിയാനി[illegible]വായ ഉടുപത്രികയെ ഞാൻ തെരിഞ്ഞെടുത്തു. ഇതിൽ എ[illegible]ത്രം സഹതാപമില്ലായ്മയോ മര്യാദക്കേടോ ഉണ്ടെന്നു വായന[illegible]ന്നെ വിധിക്കട്ടെ. പിന്നത്തെ പതിപ്പിൽ തിരുത്താതെ ഇതു മാത്രമെ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുവാൻ ന്യായമുള്ളൂ [illegible] മിസ്റ്റർ വക്കി പറയുന്നു. എല്ലാപുസ്തകങ്ങൾക്കും രണ്ടാം പതി[illegible]ആവശ്യപ്പെടുന്നുണ്ടോ? ഒരുവേള രണ്ടാം പതിപ്പിനാവശ്യ[illegible]തെ വന്നാൽ ൧-ാം പതിപ്പിലെ പിശകു വെളിപ്പെടാതെയി[illegible]ണമെന്നാണൊ ലേഖകന്റെ ഉദ്ദേശം? ഈ ഗ്രന്ഥം വരുവാ[illegible]നിരിക്കുന്നതിലേക്കു ഒരു രേഖയും ആധാരവും അല്ലയൊ? ആധാരം ശ[illegible]യിരിക്കഞ്ഞാൽ വൈററ് ഹൌസിന്റെ പുസ്തകം ഇപ്പോൾ [illegible]ത്തിക്കൂട്ടിയിരിക്കുന്നതിനെക്കാൾ വലുതായ തക്കം ഉണ്ടാകും എന്നു ഓൎക്കേണ്ടതാണ.

ഇനി ലേഖകന്റെ ചോദ്യങ്ങൾക്കു പത്രാധിപർ പറഞ്ഞിട്ടുള്ള മറു[illegible]പ്പററി ആലോചിക്കാം.

൧. മുളന്തുരുത്തിൽ ഒരു മെത്രാനും കബറടങ്ങിയിട്ടില്ലാ. പത്രാധിപർ അതിനെ സമ്മതിക്കുന്നു. വൈററ് ഹൌസിനെ അടിസ്ഥാനപ്പെടുത്തി മിസ്റ്റർ എം. പി. വക്കി വിസമ്മതിക്കുന്നു. പുരാതന കാലമെന്നതുകൊണ്ടു ചരിത്രങ്ങളെ നമ്മുടെ ഓൎമ്മയായ ആചരിക്കുന്നതിൽ ഉത്സാഹികളായ നമ്മുടെ ഇടയിൽ ഇപ്രകാരം ഒരു ഓൎമ്മ മറിച്ചിൽ കിടപ്പുണ്ടെങ്കിൽ അതിനെപ്പററി ആശ്ചര്യപ്പെടേണ്ടിയിരിക്കുന്നു. ചരിത്രപാണ്ഡിത്യമുള്ളവർ ഇതിന്റെ വാസ്തവം വെളിപ്പെടുത്തുമെന്നു വിശ്വസിക്കുന്നു. മാർ ഈവാനിയോസ്, എന്ന ഒരു മെത്രാൻ തിരിച്ചുപോയിട്ടുണ്ടെന്നു ഇട്ടൂപ്പിന്റെ പുസ്തകം ൧൨൦-ാം പുറം നോക്കിയാൽ മനസ്സിലാകാം.

൭. ചാത്തുരുത്തി എന്നുള്ളതു തിരുമനസ്സിലെ അപ്പനാൽ പു
രവച്ചിട്ടുള്ള ഒരു പുരയിടത്തിന്റെ പേരു മാത്രം ആകുന്നു. കുഡും
ബപേർ 'കല്ലറകൽ' എന്നാകുന്നു എന്നും ഞാൻ എഴുതിയിരുന്നു. നസ്രാ
ണികൾ പുര വച്ചു മാറുമ്പോൾ കുഡുംബപ്പേരും മാറുക പതിവുണ്ടെ
ന്നു പത്രാധിപർ പറയുന്നു. പുരവച്ചു മാറുമ്പോൾ സൌകര്യത്തി
നുവേണ്ടി പുരയിടത്തിന്റെ പേരും കൂട്ടിപ്പറയുന്നതല്ലാതെ കുഡും
ബപേർ മാറുന്ന സംപ്രദായം നടപ്പില്ലാ. 'ചാത്തുരുത്തി' എന്നുള്ള
തു തങ്ങളുടെ കുഡുംബപേരായിട്ടു കുഡുംബക്കാർ വകവെച്ചിട്ടുമില്ലാ.
കൊച്ചുതിരുമേനിയുടെ സ്വാർത്ഥിയാകൊണ്ടു ചാത്തുരുത്തിൽ ഗീവറു
ഗീസ് റെമ്പാൻ എന്ന എഴുതിയിരുന്നതിനെ പിശകായി അദ്ദേ
ഹം തന്നെ വിചാരിച്ചിരുന്നില്ലെന്നും പത്രാധിപർ പറയുന്നു. പര
ദേശിയായ ബാവാ തിരുമനസ്സുകൊണ്ടു അറിഞ്ഞിരുന്നതുപോലെ
എഴുതി എന്നും ലോകം ഉപേക്ഷിച്ചിരിക്കുന്ന ഒരാൾക്കു ഇതു ഒ[...]പള്ളി
ല്ലെന്നും ഒട്ടും പ്രയാസം കൂടാതെ തന്നെ അറിയാവുന്ന[...]അവർക
ളതുകൊണ്ടായിരിക്കണം 'കല്ലറകൽ ചാത്തുരുത്തി' എന്ന [...] ഈ
ത്തിനു അദ്ദേഹം ആവശ്യപ്പെടാഞ്ഞതു. കുഡുംബപേരിന്റെ[...]
യാനിക്രിസ്ത്യാനികൾ വളരെ കാര്യമായിട്ടാണ എണ്ണിവരുന്ന[...]
ന്നു പറഞ്ഞുവരിയിരിക്കണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ലാ, ച[...]
രുവിക്കാരുടെ സകല പ്രമാണങ്ങളിലും 'കല്ലറകൽ' എന്ന [...]
കാണുന്നതാണ. കല്ലറകൽ എന്ന എഴുതിട്ടില്ലാത്ത പ്രമാണം [...]
വായി വിചാരിക്കുമെന്നും തോന്നുന്നില്ലാ. ഈയിട ഉണ്ടായ[...]
ച്ചിസവെച്ച് സ്റ്റേറ്റുമെന്റിൽ 'ചാത്തുരുത്തി' എന്ന എഴുതിയി[...]
തു തിരുത്തി 'കല്ലറകൽ ചാത്തുരുത്തി' എന്ന എഴുതുന്നതിനു [...]
കൊടുത്തിട്ടും ഉണ്ടു.

൮. 'ചാത്തുരുത്തി കുഡുംബത്തിലെ അന്നത്തെ വൈദി[...]
തിനിധി ഗീവറുഗീസിന്റെ അനുജനായ ഗീവറുഗീസ കത്തന[...]
യിരുന്നു' ഈ ഗീവറുഗീസ കത്തനാർക്കു ചാത്തുരുത്തി എന്ന പേ[...]
വല്ല ആവശ്യമോ തനിക്കു ഗീവറുഗീസ എന്ന പേരുള്ള ഒരു സഹോ[ദ]
രനൊ ഉണ്ടായിരുന്നില്ലാ. താനു പള്ളത്തട്ടേൽ കുഡുംബക്കാരനും,
തന്റെ സഹോദരന്മാരുടെ പേരുകൾ പൌലോസ എന്നും മത്തായി
എന്നും ആകുന്നു. ഇതിനു മറുപടി പറഞ്ഞിട്ടില്ലാ.

൯. കൊച്ചുതിരുമേനി കോതമംഗലത്തു വച്ചു മത്യൂസ അത്താ
നാസ്യോസിൽനിന്നും ശെമ്മാശ്ശുപട്ടം ഏറ്റു എന്നു ചരിത്രംകൊണ്ടു
കാണുന്നു. ഈ സംഗതി നടന്നതു കണ്ടനാട്ടു പള്ളിക്കാരുടെ ആവ
ശ്യപ്രകാരം കരിങ്ങാശ്ര പള്ളിയിൽവച്ചാകുന്നു എന്നും അന്നു തന്റെ കൂ
ടെ ശെമ്മാശ്ശുപട്ടം ഏറ്റ കല്ലുകടമ്പിൽ ബ: ഗീവറുഗീസ കത്തനാ
രു അവർകൾ ഇതിനു സാക്ഷിയാണെന്നും ഞാൻ പറഞ്ഞിരുന്നു. ഇ

തിനു വ്യവസ്ഥയായ മറുപടി ഉണ്ടെങ്കിൽ പറകയൊ മേൽ പറഞ്ഞ സാക്ഷിയെ സ്വീകരിക്കയൊ ചെയ്യുമെന്നു വിശ്വസിക്കുന്നു.

൮. കണ്ടനാട്ടു പള്ളിയിൽ ബ: കരോട്ടുവീട്ടിൽ ശീമോൻ കത്തനാരൊട്ടു (കാലം ചെയ്ത മാർ ദീവന്നാസ്യോസ മെത്രാപ്പൊലീത്താ) സുറിയാനി പഠിത്വം ആരംഭിച്ചു എന്നു പറഞ്ഞതുകൊണ്ടു തനിക്കു വേറെ മല്പാന്മാർ ഇല്ലെന്നു അർത്ഥം ഇല്ലാ. തന്റെ ഉത്കൃഷ്ടവിദ്യാഭ്യാസത്തിന്റെ അടിസ്ഥാനം ഇട്ടതും കണ്ടനാട്ടു വെച്ചാണെന്നെ ഇനിക്കു വാദമുള്ളു. ഈ കാലങ്ങളിൽ താൻ മുളന്തുരുത്തി ഇടവകയുമായി യാതൊരുവിധത്തിലും സംബന്ധപ്പെട്ടിരുന്നതും ഇല്ലാ.

൯. കൊച്ചുതിരുമേനിയുടെ ജനനം മുതൽ മരണംവരെ കണ്ടനാട്ടു തനിക്കു ഇടവകയായിരുന്നു. താൻ കത്തനാരുപട്ടം ഏററതു മുതൽക്കെ തനിക്കു മുളന്തുരുത്തിൽകൂടി ഇടവകസംബന്ധമുണ്ടായുള്ളു. ചരിത്രത്തിൽ രണ്ടിനെയും കുറിച്ചു പറയേണ്ടതായിരുന്നു അതിനു ...ിച്ചില്ലെങ്കിൽ പ്രത്യേകമുള്ളതിനെ സ്വീകരിക്കേണ്ടതായിരുന്നു. ...ടെ പരിശുദ്ധപിതാവായ മാർ ഗ്രീഗോറിയോസ്സ മെത്രാപ്പോലീ...തിരുമനസ്സുകൊണ്ടു ജനിച്ചതു കണ്ടനാട്ടു ഇടവകയിലാകുന്നു...ള്ള സത്യം മറച്ചുവെപ്പാൻ ഞങ്ങൾക്കു മനസ്സില്ലാ.

൰. വെട്ടിക്കൽ ദയറാ ആയതു പാത്രിയർക്കീസു ബാവാ തിരുമന...കൊണ്ടു മലയാളത്തു വന്നതിൽപിന്നെ ആകുന്നു. അതിനു മുമ്പു ...യിരുന്ന കുരിശു പള്ളിയും മേടകളും മുളന്തുരുത്തി പള്ളിവക ...യിരുന്നു എന്നും ഞാൻ എഴുതിയിരുന്നു. റമ്പാന്മാർ താമസിച്ചി...തുകൊണ്ടു ദയറാ എന്നു പറയാമെന്നു പത്രാധിപർ പറയുന്ന ...പ്രകാരം ആണെങ്കിൽ ലേഖകന്റെ കാരണവനായ ദിവ്യശ്രീ ...ഞ്ചേരിൽ ഗീവറുഗീസ റമ്പാനു അവർകൾ തന്റെ മരണം വ...രെ താമസിച്ചിരുന്നതു കനകക്കുന്നിനു സമീപം ഒരു ദയറായുള്ള...വിവരം പത്രാധിപക്കറിവുണ്ടൊ? അല്ലെങ്കിൽ അതിനു ദയറാ എന്നു ...ആരു പറഞ്ഞുവരാറുണ്ടൊ? റമ്പാന്മാർ മുതലായവർക്കു താമസിക്കു...ന്നതിനായി ഒരു സ്ഥലം തിരിഞ്ഞെടുത്തു ശുദ്ധീകരിക്കയും അതിനു ശേഷം ദയറാ എന്നു പറകയും ആണ പതിവു. ക്രിസ്ത്യാനിമാതാപിതാക്കന്മാൎക്കു ജനിച്ച കുട്ടി മാമോദീസായിക്കു മുമ്പു തന്നെ ക്രിസ്ത്യാനിയായി എന്നു പറയുന്നതുപോലെയല്ലയൊ ഈ യുക്തി. "തന്റെ പൂർവന്മാരാൽ പണിയിക്കപ്പെട്ടതെന്നു ഐതിഹ്യമുള്ള വെട്ടിക്കൽ ദയറാ" എന്നു പറഞ്ഞിരിക്കുന്നതും ഗ്രന്ഥകർത്താവിന്റെ അസത്യവൎണ്ണനകളിൽ ഒന്നാണ്.

ഈ പുസ്തകനിർമ്മാണം തന്റെ ഒഴിച്ചുകൂടാത്ത ജോലികളിൽ ഒന്നായി സ്വീകരിച്ചു നടത്തിയതിൽ മിസ്റ്റർ എം. പി. വർക്കിയെ ഞങ്ങൾ നിഷ്കളങ്കമായി അഭിനന്ദിക്കുന്നു. ആരെങ്കിലും വിശ്വസ്തന്മാ

ത്തടെ നിലയിൽനിന്നുകൊണ്ടു മിസ്റ്റർ വക്കിക്കു തെറ്റായ ധാരണ ഉണ്ടാക്കുകയൊ? തന്റെ വംശത്തിൽ കയ്യറികടെ വീഴുകയൊ ചെയ്തിട്ടുണ്ടെങ്കിൽ തത്സംബന്ധമായ എല്ലാ ആക്ഷേപങ്ങൾക്കും അവർ തന്നെ അവകാശികൾ ആയിരിക്കും. ടി ചരിത്രത്തിലെ വാസ്തവവിരുദ്ധങ്ങളായ സംഗതികളെ ചൂണ്ടികാണിക്കേണ്ടിവന്നതിൽ ഞങ്ങൾ അത്യന്തം വ്യസനിക്കയും ഇനിയത്തെ പതിപ്പിൽ എങ്കിലും അതുകളെ ശരിപ്പെടുത്തുന്നതിനു അനുഗ്രഹത്തോടു അപേക്ഷിക്കയും ചെയ്തുകൊള്ളുന്നു.

പന്ന കണ്ടനാട്ടു പിനം ജോസഫ്

"സണ്ഡേസ്കൂളിന്റെ ആവശ്യകത"

ലോകത്തിലുള്ള നാനാമതസ്ഥരേയും ഒരുപോലെ പ്രതിരോധിക്കുന്നതായാതു അവയിൽ ഉൾപ്പെട്ടു നിൽക്കുന്നവരുടെ മതസംബന്ധമായ തത്വങ്ങളെ ഏറെയെങ്കിലും അറിഞ്ഞുകൂടാത്തവർ ഉണ്ടായിരിക്കയില്ല എന്നതാകുന്നു. ...ൻ എത്ര നിസ്സാരനായിരുന്നാലും അവനവൻ തന്റെ മത തത്വങ്ങളെ അറിഞ്ഞിരിക്കേണ്ടതു അവനവന്റെ മുഖ്യകർത്തവ്യങ്ങളിൽ ഒന്നുതന്നെയാകുന്നു. ഈ സൂക്ഷ്മത്തെ അറിഞ്ഞിട്ടായിരിക്കാം ... മതസ്ഥന്മാരും അവരവരുടെ മതതത്വങ്ങളെ നിർബന്ധമായി മനഃപാഠമാക്കിയിരിക്കുന്നതു. ഈ തത്വത്തെ അനുസരിച്ചു തന്നെയാണ ക്രിസ്തീയരായ നാമും നമ്മുടെ മതകാര്യങ്ങളെ ഗ്രഹിച്ചിരിക്കുന്നതു. ... കാര്യങ്ങളെ എളുപ്പത്തിൽ പരിശീലിക്കുന്നതിനു ഓരോ ജാതിക്കാർക്കും അതാതിന്നടുത്ത ഗുരുഭൂതന്മാരും അപൂർവം ചില പള്ളി... ങ്ങളുമുണ്ടു. മതസംബന്ധമെന്നല്ല സകല പഠിത്വങ്ങൾക്കും തക്കതല്ലൊ. ഒരു കാലം ചെറുപ്പത്തിൽ തന്നെയാണല്ലൊ. ചെറുപ്പത്തിൽ ഗ്രഹിക്കുന്നതായ സകല പഠിത്വങ്ങളും ഹൃദിസ്ഥമത്രെ. പ്രത്യേകം ...ങ്ങളെ ബാലന്മാരെപ്പറ്റി നോക്കുന്നതായാൽ അവരുടെ മനസ്സ് ഏതു ... ഛായയെയും പിടിച്ചതിലത്രെ അവരുടെ ഇരിപ്പു. നല്ല കാര്യങ്ങ... അഭ്യസിക്കുന്നുവെങ്കിൽ അതിനെയും, ദുഷ്ട വിഷയങ്ങളിൽ ...ലും ആണെങ്കിൽ അതിനെയും, പിന്തുടരുകയെന്നതു ബാലന്മാർക്കുള്ള ഒരു പ്രകൃതിയാണ. അല്ലാതെ ഗുണദോഷ വിവേചനം ചെയ്തു തങ്ങൾ തന്നെ ഒന്നിനെ സ്വീകരിച്ചുകൊള്ളത്തക്ക പൂർണ്ണശക്തിയില്ല അവരുടെ നില ആകയാൽ മാതാപിതാക്കന്മാരുടെ ഒരു മുഖ്യമായ ചുമതല തങ്ങളുടെ മക്കളെ സന്മാർഗ്ഗങ്ങളിൽ വളർത്തുകയെന്നുള്ളതത്രെ. അല്ലാതെ 'എന്റെ കുഞ്ഞു എങ്ങിനെയുമാകട്ടെ' എന്നുള്ള അലക്ഷ്യഭാവത്തിൽ കണ്ണടച്ചുകളയുന്നതല്ല മാതാപിതാക്കന്മാരുടെ ധർമ്മം. ലൌകീക വിഷയങ്ങളിൽ അവൻ എത്രത്തോളം സമർത്ഥനും ജ്ഞാനിയുമായി തീരണമെന്നുവച്ചു മാതാപിതാക്കന്മാർ പ്രയത്നിക്കുന്നുവൊ അതിലധികം വൈദികവിഷയത്തിലും അവൻ

ഞാനില്ലാ സമത്ഥനമായി തീരേണ്ടതാകുന്നു. പ്രത്യേകം ഓർക്കേണ്ടതാണ്. ഈ പ്രകാരമുള്ള ഗുണകാര്യങ്ങൾ എല്ലാവക്കും അറിയാമെന്നവരകിലും ഇവയിൽ ഓരോന്നിനും അർഹമായ ശ്രദ്ധയെ അത്ര ആകർഷിച്ചുകാണുന്നില്ല. പ്രത്യേകം വേദപുസ്തക പഠിപ്പിക്കലും അതിനോടു സംബന്ധമായ പ്രസംഗിക്കലും നമ്മുടെയിടയിലുള്ള ആളുകളുടെ മടിയും അശ്രദ്ധയും എത്ര പരിതപിക്കത്തക്കതാകുന്നു.

ഹാ! വേദപുസ്തകം നിൻെറ വിശേഷപ്പെട്ട നോവലുകളെക്കാൾ എത്ര മഹത്വമേറിയതാകുന്നു അതിൽ നിന്നുള്ള പഠിത്വമൊ അത്ര അതികൗതുകം. നിനക്കു അനുഗ്രഹിക്കാവുന്ന സകല സമ്പത്തുകളും സൽഗുണങ്ങളും അതു നിനക്കു നൽകും. പിതാക്കന്മാരെ! ഈ പ്രകാരം മനോഹരമായിരിക്കുന്ന ഒരു പഠിത്വമത്രെ നിങ്ങൾ നിങ്ങളുടെ മക്കൾക്കു ദാനം ചെയ്യേണ്ടതു.

ലൗകിക പാണ്ഡിത്യം ഏതു പ്രകാരം അജ്ഞാനാന്ധകാരം നീക്കുന്നുവൊ? അപ്രകാരം വൈദിക പഠിത്വത്താൽ പാപാന്ധകാരം നശിച്ചുപോകുന്നു. ഇരുളിനെ ഏതു പ്രകാരം ചന്ദ്രൻ ശോഭിപ്പിക്കുന്നുവൊ അതുപോലെ പാപതിമിരം നീക്കുന്നതിനായിട്ടു വേദപുസ്തകവും സഹായിക്കുന്നു.

എൻെറ പിതാവേ! അതിനാൽ ഈ വെളിച്ചത്തിൽ കൂടി നീ ആദ്യമായിയൊന്നു നടക്കുക. അഴിഞ്ഞുപോകാത്ത ഈ ധനത്തിനെ നേടുക. പിന്നെ അതിനെ നീ ഒരു മാതൃകയായി നിൻെറ മക്കളെ അഭ്യസിപ്പിക്ക. തൻെറ ഓമനക്കുഞ്ഞു നശിച്ചുപോകണമെന്നു ആഗ്രഹിക്കുന്നതായ വല്ല പിതാവും കാണുമൊ? ആരും തീർച്ചയായി നശിച്ചുപോകണമെന്നു ആഗ്രഹം കാണുകയില്ല. പക്ഷെ അവർ തങ്ങളുടെ മക്കളുടെ ആത്മിക ഗുണത്തിനുവേണ്ടി യാതൊന്നും പ്രയത്നിക്കാതിരിക്കുന്നുവൊ? ഹാ! പ്രിയ പിതാവെ നീ ഈ പ്രകാരം ഉദാസീനനായിരുന്നാൽ നിൻെറ ഓമനക്കുഞ്ഞു— അതെ നിൻെറ വാത്സല്യഭാജനം ഇരുളു അന്ധകാരത്തിൽ നശിക്കുന്നതായെന്നറിക. നീ ഏതു പ്രകാരം അവനു അനന്തമില്ലാത്ത സമ്പാദ്യങ്ങൾ സമ്പാദിച്ചുവച്ചിട്ടുണ്ടെങ്കിലും നിത്യമായുള്ള ഇതിൽ നിന്നു രക്ഷിച്ചു അവനെ (മകനെ) നീ പാപികളുടെ കൂട്ടത്തിൽ വിട്ടേച്ചുപോയാൽ നിനക്കെന്തു സമാധാനം? ഹാ! ഹൊ! പുത്രന്മാരുടെ കുററത്തെപ്പററി പിതാക്കന്മാരോടു ദൈവം ചോദ്യം ചെയ്യുമെന്നുള്ളതു നി നല്ലവണ്ണം കരുതിക്കൊൾക. ദൃഷ്ടാന്തമായി ആ ആചാര്യനായ ഏലിയെ ഒന്നു നോക്കുക. അവൻ ഇസ്രായേലിലെ ഒരു പട്ടക്കാരനായിരുന്നു. അതെ ഒരു സാധാരണക്കാരൻ അല്ല അവൻ തൻെറ മക്കളെ ദൈവഭയത്തിൽ വളത്താതിരുന്നതിനാൽ അവനും അവൻെറ മക്കൾക്കും വന്നതായ ഭയങ്കര ശിക്ഷയെ നീ ഇപ്പോൾ ഒന്നോക്കുക. അതു ഇസ്രായേലിലെ ഒരു മഹാചാര്യനായിരുന്നിട്ടും തൻെറ

മക്കളുടെ കുററത്താൽ ശിക്ഷിക്കപ്പെട്ടു എങ്കിൽ നീയും നിന്റെ മക്കളെ ദൈവഭയത്തിൽ വളർത്താതിരുന്നാൽ ശിക്ഷിക്കപ്പെടുകയില്ലെന്നു വിചാരിക്കുന്നുണ്ടോ?.

അതുകൊണ്ടു ബാല്യത്തിലെ തന്റെ മക്കളെ ദൈവഭയത്തിൽ വളർത്താതിരിക്കുന്ന മാതാപിതാക്കന്മാരുടെ മേൽ വരുന്ന ശിക്ഷയും എത്ര ഭയങ്കരം. അവർക്കു അതിനെ വിസ്മരിപ്പാൻ കഴിയു? ദൈവശിക്ഷയിൽനിന്നു ഒഴിയുവാൻ കഴിയുന്നവൻ ആര്? ദുർമ്മാർഗ്ഗത്തിൽ നടക്കുന്ന ഒരു കുട്ടിയെ തന്റെ പിതാവു ശിക്ഷിച്ചു അവനെ ദൈവികപാതയിൽ കൂടി നടത്തിക്കേണ്ടതു പിതാവിന്റെ മുഖ്യ കടമയാകുന്നു. അതുകൊണ്ടു ബാല്യത്തിലെ തന്റെ മക്കളെ ദൈവഭയത്തിൽ വളർത്തണമെന്നാഗ്രഹിക്കുന്ന എല്ലാ മാതാപിതാക്കന്മാരും ഉണ്ടെങ്കിൽ ഒന്നാമതായി തങ്ങളുടെ കുട്ടിയെ ഞായറാഴ്ചപ്പള്ളിക്കൂടത്തിൽ അതായതു സൺഡേസ്കൂളിൽ ക്രമമായി അയക്കുക. സാധാരണ അറിവുണ്ടാകുന്നതിനായി ലൗകിക പള്ളിക്കൂടത്തിൽ അവനെ എത്ര [illegible] പള്ളിയിൽ ക്രമമായി അയക്കുന്നുവോ അപ്രകാരം ദൈവിക അറിവു [illegible] പ്രകാശത്തിൽ കൂടി സൺഡേസ്കൂൾ മുഖാന്തിരം അവനെ [illegible] ഒരു കുട്ടി വൃഥാ നടന്നു ദുർമ്മാർഗ്ഗത്തിൽ അഭ്യസിക്കുന്നതിനേക്കാൾ ഞായറാഴ്ച വേദപാഠപള്ളിക്കൂടത്തിൽ വന്നു, തേനിനേക്കാളും [illegible] കട്ടയേക്കാളും മധുരമേറിയ ദൈവിക വചനത്തെ പഠിക്കയല്ലേ ഉത്തമം. ഞാൻ മുമ്പു പറഞ്ഞതുപോലെ കുട്ടികൾക്കു സ്വയമായി [illegible] പ്രകാരമുള്ള കാര്യങ്ങളിൽ അത്ര അഭിരുചി കാണുകയില്ല. എന്നാൽ മാതാപിതാക്കന്മാരുടെ ശാസനയാൽ അവരെ ക്രമപ്പെടുത്താവുന്നതാകുന്നു. [illegible] നയുള്ള തരിഷ്ടങ്ങൾക്കായി തന്റെ കുട്ടിയെ നിർബ്ബന്ധിക്കയും ശാസിക്കയും ചെയ്യാത്ത പിതാവു അവനെ നാശത്തിലേക്കു വഴികാട്ടുന്നു. "അതിനാൽ വടിയെ [illegible] ഹിക്കുന്നവൻ തന്റെ [illegible] തന്നെ പകക്കുന്നു" എന്നു മഹാജ്ഞാനിയായ ശലോമോൻ [illegible] ഞിട്ടുണ്ടല്ലോ.

സ്വല്പനേരത്തേക്കുള്ള കുഞ്ഞിന്റെ അസഹ്യതയെ വിചാരി[illegible] അവനെ അതിരില്ലാത്ത നാശത്തിലേക്കു വഹിക്കുന്ന പിതാവേ! [illegible] അശരീരിയുടെ ശബ്ദത്തെ ഒന്നു വിചാരിച്ചു നോക്കുക. [illegible] ത്ത കാര്യങ്ങൾ ഇത്ര അത്രസാരമില്ലാത്തതായിരുന്നാലും ഒടുവിൽ അതു നിനക്കു വല്യതായിരിക്കുന്ന കല്ലിന്റെ വലുപ്പം എന്നതന്നെയോ നിന്റെ ഓമനക്കുഞ്ഞു നീ മുഖാന്തിരം ദുർമ്മാർഗ്ഗിയായി തീരുന്നതിനും ഇടയാകും, അതുകൊണ്ടു പിതാക്കന്മാരെ സൺഡേസ്കൂൾ പഠിത്തം സാരമില്ലെന്നു നിങ്ങൾ വിചാരിച്ചുപോകരുതേ. അതു മുഖാന്തിരം ഒരു കുട്ടി ദൈവമക്കളോടുള്ള സംസർഗ്ഗത്തെ പ്രാപിക്കുന്നു. ദൈവഭയത്തിൽ വളരുന്നു. ദൈവത്തോടും മാതാപിതാക്കന്മാരോടുമുള്ള സ്നേഹത്തെ പൂർത്തിയാക്കുന്നു. (തുടരും) പി. ജി. ശമുവേൽ.

സൂചനകൾ.

മരണം.—ചെന്നംകരിപ്പള്ളിയിൽ വികാരി ദി ശ്രീ. മഞ്ഞാടിയിൽ ഔസേപ്പു കത്തനാർ അവർകൾ കർത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്ന വിവരം വ്യസനപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു. ഇദ്ദേഹം റോമ്മാസഭയിൽ ജനിച്ചുവളർന്നു ശെമ്മാശപട്ടവുമേറ്റ ശേഷം നമ്മുടെ സഭയിൽ ചേർന്നു പട്ടമേറ്റയാൾ ആയിരുന്നു. ഇദ്ദേഹത്തെ റോമ്മാസഭയിലേക്കു ആകർഷിക്കുവാൻ അന്തൽ ഉൾപ്പെട്ട പല മെത്രാന്മാരും വളരെ ശ്രമം ചെയ്തിട്ടും നല്ല വിശ്വാസത്തോടെ ഉറച്ചുനിന്നു. നല്ല ഭക്തനും വിശ്വസ്തനും വിദ്വാനും ആയിരുന്നു. ചികിത്സയിൽ സാമാന്യം നൈപുണ്യം പ്രാപിച്ചിരുന്നതിനാൽ ഇദ്ദേഹത്തിന്റെ സഹായം ആവശ്യപ്പെടാത്തവർ കുട്ടനാട്ടു പ്രദേശങ്ങളിൽ ചുരുക്കമാണ്. ഇദ്ദേഹത്തിന്റെ വിയോഗത്തിൽ വ്യസനിക്കുന്നവർ റോമ്മാക്കാരിലും വളരെയുണ്ടെന്നറിയുന്നു. മരണഹേതു ഒരു രോഗിയെ കാണ്മാൻ പോയപ്പോൾ പിടിപെട്ട ഒരുവക പനിയായിരുന്നു. ദീനത്തിന്റെ ആരംഭം മുതൽ വെളിയനാട്ടു പള്ളിയിലെ വികാരി അവർകൾ രോഗിയുടെ കൂടെ താമസിച്ചു വേണ്ട ശുശ്രൂഷകളും നടത്തി അന്ത്യകൂദാശകളും കൊടുത്തു. ശവസംസ്കാരം വെളിയനാട്ടു, നീലംപേരൂർ, കുറിച്ചി, ചിങ്ങവനം ഈ പള്ളികളിലെ പട്ടക്കാർ കൂടി ഭംഗിയായി നടത്തി. ഇദ്ദേഹത്തിനു വേണ്ടി ...നക്കാർ പ്രാർത്ഥിക്കണമെന്നപേക്ഷിക്കുന്നു.

* * * *

...രു ലേഖകൻ എഴുതുന്നതു— "അപ്പോക്രിഫാ തർക്കത്തെ ഉദ്ദേശിച്ചു കഴി... ത്രികയിൽ അദ്ധ്യായവും വാക്യങ്ങളുമിട്ടു ഞാൻ എഴുതിയ ഉപന്യാസത്തി... ദപുസ്തകത്തിലെ വാചകരീതി പ്രയോഗിച്ചിരിക്കുന്നതു കാരണമാക്കികൊ... കരളത്തരക എന്നൊരു കഠിനമായി ആക്ഷേപിച്ചിരിക്കുന്നു. വേദപുസ്തകത്തി... യോഗിച്ചിരിക്കുന്ന അക്ഷരങ്ങളും പദങ്ങളും മറ്റു എഴുത്തുകളിൽ ചേർത്തു... കൂടാ എന്നു എനിക്കു മനസ്സിലായിട്ടില്ല. "അക്ഷരം ...കൊല്ലുന്നു ആത്മാവു ...പ്പിക്കുന്നു" എന്നായിരുന്നു ഞാൻ കേട്ടിരുന്നതു. വേദത്തിലെ സംഗതികൾ ...രൂപമായിട്ടൊ ഛായാപടങ്ങളായിട്ടൊ പകർത്തിയാൽ അതു വിഗ്രഹാരാ...ധനയാണെന്നു വാദിക്കുന്ന ഈ കൂട്ടർ അക്ഷരരൂപത്തിൽ വരക്കുന്ന പടങ്ങൾക്കു വളരെ മഹത്വം കൊടുക്കുന്നതിൽ ഞാൻ ആശ്ചര്യപ്പെടുന്നു. താരകയുടെ ...അഭിപ്രായത്തിൽ മലയാള മിത്രം ചെയ്തതെന്നു എനിക്കു തോന്നുന്നില്ല. അ...ക്രിഫാ ദൈവാത്മാവിനാൽ എഴുതപ്പെട്ടതല്ലെന്നാണല്ലൊ മിത്രത്തിന്റെ ത... ...ത്മാവിനാൽ എഴുതപ്പെട്ട വേദവാക്യങ്ങളുടെ വാചകരീതിയെ പകർത്തി...യ അപ്പൊക്രിഫാ ഗ്രന്ഥകർത്താക്കളും വേദവിരുദ്ധത്തെ അപമാനിക്കയാണ...ന്നതിനാൽ താരകയുടെ ആക്ഷേപത്തിനു അവരും എന്നെപോലെ പാത്ര...മായിരിക്കുമെങ്കിലും മിത്രം ഈ വിധത്തിൽ ആക്ഷേപിക്കുമെന്നു ഒരിക്കലും ...ചാരിച്ചുകൂടാ. അപ്പൊക്രിഫാ ദൈവവചനത്തെ ആക്ഷേപിക്കുന്ന വിധത്തിൽ ...തപ്പെട്ടിട്ടും അവ ഉപദേശസ്ഥാപനക്കു ഉപയോഗപ്പെടുത്തരുതെന്നല്ലാതെ ...ള്ളിശുശ്രൂഷകളിലും വീടുകളിലും വായിക്കപ്പെടുവാൻ ധാരാളം കൊള്ളാമെന്നു മിത്രം സമ്മതിക്കുന്നു. അപ്പൊക്രിഫാ കർത്താക്കളെ കണ്ടുപഠിച്ചു ഞാനും വേദവാക്യരീതിയിൽ എഴുതിയിരിക്കുന്ന വാക്യങ്ങളെ അപ്പൊക്രിഫയുടെ കൂട്ടത്തിൽ തള്ളി ഉപദേശസ്ഥാപനക്കു ഉപയോഗിക്കാതെ വായിച്ചാൽ മാത്രം മതിയെന്നേ എനിക്കു ഉദ്ദേശമുള്ളു. ഇങ്ങനെയുള്ള വാക്യങ്ങൾ പള്ളിശുശ്രൂഷകളിൽ കൂടെ വായിക്കാമെന്നു പറയുന്ന മിത്രം എന്റെ വാക്യങ്ങളെയും പള്ളിയിൽ പ്രവേശിപ്പിക്കുവാൻ ആവശ്യപ്പെട്ടേക്കാനും അതുമൂലം സ്ഥലത്തെ ആംഗ്ലിയാപള്ളിയിലെ വികാരിയും മിത്രാധിപരും തമ്മിൽ ശണ്ഠയിടുവാനും ഇട വന്നേക്കുമൊ എന്നു എനിക്കു ഇപ്പോൾ ഭയം തട്ടിയിരിക്കുന്നു. അതിനിടവരാതിരിപ്പാൻ വേണ്ടി അപ്പൊക്രിഫാ വീടുകളിൽ വായിക്കുന്നതു പോലെ എന്റേതും വായിക്കണമെന്നല്ലാതെ അതിന്മേൽ ഉപദേശം സ്ഥാപിക്കണമെന്നൊ പള്ളിയിൽ വായിക്കണമെന്നൊ എനിക്കു അപേക്ഷയില്ലെന്നു ഒരിക്കൽകൂടെ പ്രസ്താവിച്ചുകൊള്ളുന്നു".

പലവക.

പ്രിയ പത്രാധിപരെ, നിങ്ങളുടെ യാക്കോബായക്കൊച്ചൻ ഈയിടെ അദ്ദേഹത്തിന്റെ പേനാ താഴ്ത്തിവെച്ചിരിക്കുവാണെന്നു തോന്നുന്നു. ഈയിടെ ഇവിടെ വന്ന പ്രസംഗിയെ കുറിച്ചും രക്ഷപെട്ടവരെ കുറിച്ചും എഴുതി അയക്കുമെന്നു വിചാരിച്ചു ഞാൻ ഇതുവരെ കാത്തിരുന്നു. ഇനിയും മിണ്ടാതിരിക്കുന്നതു അത്ര നന്നല്ലെന്നു വിചാരിച്ചാണ നാം തന്നെ നമ്മുടെ പേനാ നീട്ടിപ്പിടിച്ചെഴുതുവാൻ തുടങ്ങുന്നതു. വേധസ്വർത്ത് എന്ന വിദ്വാൻ ഈ ദിക്കുകളെ ഒന്നുകൂടെ സന്ദർശിച്ചുംകൊണ്ട പോയിരിക്കുന്നതു. അതെങ്ങനെ ഈ വിദ്വാന്റെ പ്രസംഗം കേട്ടപ്പോൾ മുതൽക്കു ക്രിസ്തുവിനു ദൈവത്വമില്ലെന്നു ഓരോരുത്തൻ പറയുന്നു. കുറെപ്പേരെല്ലാം പിന്നെയും ഉണൎന്നു കേറിത്തുടങ്ങി. ഈ രക്ഷപെട്ടവരിൽ ചിലരും വേറൊരു പുറജാതിക്കാരനും തമ്മിലുള്ള സംഭാഷണത്തെ താഴെ ചേൎക്കുന്നു. (ഈ പുറജാതിക്കാരൻ വേദപുസ്തകത്തിൽ വിശ്വാസമുള്ള ഒരാളാണ.)

പുറജാതിക്കാരൻ. സാഹിബിന്റെ പ്രസംഗങ്ങൾ കേമമാണൊ?.

രക്ഷപെട്ടവർ. ബഹു കേമമാണ. ഞങ്ങളെല്ലാം രക്ഷിക്കപ്പെട്ടിരിക്കുവാണ്. ഇപ്പോൾ ഞങ്ങൾ പാപമൊന്നും ചെയ്യുന്നില്ല.

പുറ—എന്നാൽ നിങ്ങൾക്കിനിയും കൎത്താവിന്റെ പ്രാൎത്ഥന പ്രാൎ[illegible] ആവശ്യമില്ലല്ലൊ.

രക്ഷ—(കുറെനേരം മിണ്ടാതെ നിന്നു)

പുറ—[illegible] മിണ്ടാതിരിക്കുന്നതു വേഗം ഉത്തരം പറയ[illegible]

രക്ഷ—പ്രാ[illegible]ത്ഥിക്കാവശ്യമില്ല.

പുറ—നിങ്ങളോടിനിയും ഞാൻ തൎക്കിക്കുന്നില്ല. നിങ്ങൾ ക്രിസ്തു[illegible]ല്ല. ഇത്രയും പറഞ്ഞിട്ടു പുറജാതിക്കാരൻ പൊയിക്കളഞ്ഞു.

ഇപ്രകാരം എല്ലാം ആണ് ഈ കൂട്ടരുടെ ഇപ്പഴത്തെ സ്ഥിതി.

ഒരു തെക്ക[illegible]

ആലുവാ തൃക്കുന്നത്തു സിമ്മനാരി പണി വകക്ക.

	രൂ.	ണ.
കുറുപ്പുംപടി ബ. പള്ളിയിൽനിന്നും വരവു	[illegible]	
പള്ളിക്കര. ബ. പള്ളിയിൽനിന്നും വരവു	[illegible]	

പണി ആരംഭിച്ചിരിക്കുന്നതിനാൽ പള്ളിക്കാർ പണം ഉടനെ അയച്ചുതരുവാൻ അപേക്ഷ.

കൂട്ടുസിക്രട്ടറിയും ഖജാൻജിയുമായ
കൊച്ചുപൌലോസ് റമ്പാൻ.